# വിഷയവിവരം

പേജ്

## ഒന്നാംഭാഗം
## പെൺപാട്ടുകൾ


| | |
|---|---|
| മാർത്തോമ്മാൻ | 1 |
| മയിലാഞ്ചിപ്പാട്ട് | 2 |
| അന്തം (ചന്തം) ചാർത്ത്പാട്ട് | 4 |
| നല്ലൊരോരോശ്ലം | 5 |
| മുന്നം മലങ്കര | 6 |
| ഇന്നു നീ ഞങ്ങളെ | 7 |
| പന്തൽപാട്ട് | 9 |
| മംഗല്യവട്ടക്കളി | 10 |
| അയനിപ്പാട്ട് | 11 |
| വാഴൂ പാട്ട് | 12 |
| വാഴൂ വട്ടക്കളി | 13 |
| പൊന്നണിന്തീടും | 14 |
| അടച്ചുതുറപ്പാട്ട് | 14 |
| എണ്ണപ്പാട്ട് | 15 |
| കുളിപ്പാട്ട് | 15 |
| വിളക്കുതൊടീൽ പാട്ട് | 16 |
| ആദത്തിന്റെ വട്ടക്കളി | 17 |
| എട്ടുത്തിര വട്ടക്കളി | 19 |
| വേറൊരു വട്ടക്കളി | 19 |
| പൂർവ്വയൗസേപ്പിന്റെ വട്ടക്കളി | 21 |
| മൂശയുടെ വട്ടക്കളി | 27 |
| ചെറിയ തോബിയാസിന്റെ പാട്ട് | 28 |
| യൌനാൻ നിവ്യായുടെ പാട്ട് | 32 |
| മാർ യോഹന്നാൻ മാംദാനായുടെ പാട്ട് | 33 |
| കന്നി ഉമ്മായുടെ പാട്ട് | 41 |
| ശു. മറിയം മഗ്ദലേത്താ ഉമ്മായുടെ പാട്ട് | 42 |
| മിശിഹായുടെ പാട്ട് | 42 |
| പെസഹാ തിരുനാളിന്റെ പാട്ട് | 44 |
| വിധിചോദ്യം വട്ടക്കളി | 48 |
| എട്ടുനോമ്പിന്റെ പാട്ട് | 49 |
| ഒന്നായ നായൻ പാട്ട് | 50 |
| തണ്യദിവസം പാട്ട് | 52 |

## മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ

# പുരാതനപാട്ടുകൾ

**ഒന്നാം ഭാഗം**

# പെൺപാട്ടുകൾ

### 1. മാർത്തോമ്മാൻ

മാർത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്മെയെഴുന്നൾക വേണം
കന്തീശാനായനെഴുന്നള്ളി വന്നിട്ട്
കർപ്പൂരപ്പന്തലകമേ
കൈകൂപ്പിനേർന്നു ഞാൻ പെറ്റുവളർത്തോരു
കന്നിമകളെ ഞാൻ നിന്നെ
തോളും തുടയും മുഖവും മണിമാറും
യോഗത്താലെ പരിശുണ്ട്
എന്റെ മകളെ പരമേറ്റിവയ്പോളും
എന്മനസ്സോ പതറുന്നു
നെല്ലുമാനീരും പരമേറ്റിവെച്ചാറെ
എന്മനസ്സോ തെളിയുന്നു
ചെമ്പകപ്പൂവിൻ നിറം ചൊല്ലാം പെണ്ണിന്

---

* ഇത് ക്നാനായക്കാരുടെ കല്യാണത്തിന് ഉപയോഗിച്ചു വരുന്നവയാണ്.

ചെമ്മേയരുൾപെറ്റ പെണ്ണ്
പെണ്ണിനെ കണ്ടവരെല്ലാരും ചൊല്ലുന്നു
ഉലകിലിവൾക്കൊത്തോരില്ല
നല്ലോരുനേരം മണർക്കോലം പൂക്കാറെ
നന്നായ്ക വേണമിതെന്ന്
കാരണമായവരെല്ലാരും കൂടീട്ട് നന്മവരുത്തിത്തരേണം
ആലാഹാനായനും അൻപൻ മിശിഹായും
കൂടെ തുണയ്ക്ക് ഇവർക്ക്

2 മയിലാഞ്ചിപ്പാട്ട്

മാറാനരുൾ ചെയ്തീലോകേയന്നു നിറവേറി
ഏറിനൽഗുണങ്ങളെല്ലാം ഭൂമിമേലൊരേടം
ഒരുമയുടയോൻ പെരുമകൊണ്ടു കരുതി മൺപിടിച്ച്
പിടിച്ച കരുവിലടക്കം നേടി പുറത്തു തുകൽ പൊതിഞ്ഞ്
തുകലകമേ ചോരനീരും എല്ലും മാംസധാതുക്കൾ
ഭൂതികൾക്കു വാതിലഞ്ചും നവദ്വാരങ്ങളായതു
രണ്ടൊടു നാലും നാലുവിരൽക്കും ചുവപ്പുനഖങ്ങൾ പത്ത്
പത്തുടയോന്റയകത്തുടയോനായ് കൊടുത്തുണർത്ത്യോരാത്മാവ്
ആത്മാവും കൊടുത്തു പേരുമിട്ടോരാദമെന്ന്
എന്നശേഷമിന്നിച്ചൊല്ലാമൂന്നിനിങ്ങൾ കേൾപ്പിൻ

(രണ്ടാം പാദം)

ആദം മുതലായി മക്കളുണ്ടാകുവാൻ
ഉണ്ടാകവേണമിവനൊരു ഭാര്യ
ഭാര്യേ ഉന്നി മയക്കിയോരാദത്തെ
ആദം മയങ്ങി എടുത്തോരു വാരി
വാരിമേൽ മണ്ണു പൊതിഞ്ഞതു നായൻ
നായകൻ മുന്നം ചമച്ചതുപോലെ
ചമഞ്ഞുടനാദവും ഭാര്യയുമന്ന്
അന്നവൻ കണ്ണിലുറക്കം കളഞ്ഞ്
കളവറ്റ കന്നിയെ കണ്ണിനു കാട്ടി
കണ്ടുടനാദവും ഭാര്യയെന്ന്

കർത്താവേ ഒന്നൊണ്ടടിയൻ പറയുന്നു
പറയാവതല്ലെ ഇവളുടെ നന്മ
ഇവളെന്നിലുണ്ടെന്നറിഞ്ഞതുമില്ല
എല്ലാം മറക്കും അടിയനിവളാൽ

(മൂന്നാം പാദം)

ആലം ചമഞ്ഞതിലഴകിയ പറുദീസായിൽ
താലം പരന്നപോലിതുമലമുകളിലേറ്റം
ചേലും വെളിവൊണ്ടെ പല പല മരങ്ങളെല്ലാം
കാലം തുടക്കമൊയ് നിറഞ്ഞുള്ള കനികളുണ്ട്
അല്ലീ മലരാമ്പൽ ചെങ്ങഴ്നീർ ചെറുചെന്താമര
ഫുല്ലം മലർമുല്ലക്കുറുമുല്ലക്കുറുമൊഴിയെ
പക്ഷി പലതുണ്ട് കുയിൽമയിൽ മൊഴികളുണ്ട്
കൊക്കും കുരികിലും പഞ്ചവർണ്ണക്കിളികളുണ്ട്
വ്യാഘ്രം മദയാന നരസിംഹം ഇവകളെല്ലാം
ഒക്കെയുടെ നാഥൻ കൊടുത്തതും തനിക്കഴകാൽ
വച്ചു പറുദീസാ തന്നിലവൻ സ്തുതിച്ചിരിപ്പാൻ
ഇഛക്കനികായും പറിച്ചുതിന്നിരിക്കന്നേകി
ഇഛാനിറംകൊണ്ടിക്കനി കണ്ടു മലർ പുകിന്ത്
സത്യം പിഴച്ചുച്ചയ്ക്കടിവാരം പുകന്തീടവേ.

(നാലാം പാദം)

ആദത്തെ നായൻ മലയൊക്കെ നോക്കിനാൻ
ഹവ്വാ മനയാളും കൂടെ മലമീതെ
മരതകമുത്തു വിളങ്ങും മലയിതിൽ
മയിലാടുംപോലെ വിളങ്ങുന്ന ഭാര്യയെ
അഞ്ചും മൈലെപ്പോലെയഞ്ചണം മൈലേ നീ
മയിലാഞ്ചിയില്ലാത്ത കാരണം തോഴിമാർ
ആ മരമൂട്ടിലൊളിച്ചവരിരുവരും
അപ്പഴേ നായെന്നെഴുന്നള്ളി വന്നിട്ട്
പച്ചിലകൊണ്ടു പൊതിഞ്ഞവർ തങ്ങളെ
വിസ്താരവീടും ചവുട്ടിക്കടന്നിട്ട്
പണ്ടു പറഞ്ഞൊത്തോരാദത്തും ഭാര്യയാം
ഹവ്വാ മനയാളെ നായൻ കൊടുത്തപോൽ
അന്നന്നു കന്നിമാർ മംഗല്യം വാഴുവാൻ
പച്ചിലമയിലാഞ്ചികൊണ്ടു പൊതിയേണം
കയ്യാലെ കായും പറിച്ചൊരു കാരണം
കൈപ്പുടം തന്നിൽ പൊതിയുന്നു മയിലാഞ്ചി
കാലാൽ നടന്നു കനിതിന്ന കാരണം
കാൽനഖം തന്നിൽ പൊതിയുന്നു മയിലാഞ്ചി
അസ്ഥിമേൽ മണ്ണു പൊതിഞ്ഞൊരു കാരണം
കൈപ്പുടം തന്നിൽ പൊതിയുന്നു മയിലാഞ്ചി
അന്നവർ നാണിച്ചൊളിച്ചൊരു കാരണം
ഇന്നിങ്ങു പിള്ളേരൊളിച്ചു നടപ്പതും

മയിലാഞ്ചി നൂലാലെ പിഴവന്ന കാരണം
മയിലാഞ്ചിയിട്ടല്ലൊ നൂൽ കൂട്ടുമാറുള്ള
നീതികൊടുത്തപോലിന്നിങ്ങു പിള്ളേർക്ക്
എന്നേയ്ക്കും നീതി കൊടുക്കണം നായക

(അഞ്ചാം പാദം)

പിഴവഴിക്കു നിറമൊഴിഞ്ഞു തന്റെ നിറമകന്നപോലെ
മയിലാഞ്ചി തടവിയോർക്കു നിറപിഴച്ചതടയാളും
പച്ചമേനി മയിലാഞ്ചി ഇട്ടുകൈകൾ ചുവപ്പവർക്ക്
കരുന്നു പിള്ളേർ വരുന്നയാണ്ടിലതിമുതൃന്നീവഴക്കമെല്ലാം
വാഴുടയ മയിലാഞ്ചി പൊരുളുടയ മയിലാഞ്ചി
ഗുണമുടയ മയിലാഞ്ചി കീർത്തിപെട്ട മയിലാഞ്ചി
ഇന്നു ഞങ്ങളുടെ മയിലാഞ്ചിക്കരുൾ തരിക നായകനെ
അമ്മയും തൻ തോഴിമാരും കന്നിതന്റെ തോഴിമാരും
ഉറ്റു നല്ല ബന്ധുക്കളും മറ്റുടയോരെല്ലാരും
അൻപിനോടെ പൂശിയോർക്കു ഗുണമുടയ മയിലാഞ്ചി
പുതിയ മങ്കക്കുരുന്നുകൾക്കു വിരലിടയിൽ മയിലാഞ്ചി
മയിലാഞ്ചി വരവു കാണ്മാൻ വരുവിനഹോ! തോഴിമാരേ
കനകപഞ്ചരം മുരുൾപഞ്ചരം കാണ്മിനെടോ തോഴിമാരേ!
മുരശുമദ്ദളം തകിലുവാദ്യവും കേൾപ്പിനെടോ തോഴിമാരേ
മരതകത്തൊടു കുരവയിത്തരം കേൾപ്പിനെടോ തോഴിമാരെ!
ആദമങ്ങു മയങ്ങിവീണു ഭാര്യതന്റെ കൈപിടിച്ചു
മയിലാഞ്ചി മണംകേട്ടു മയങ്ങിവീണു മണവാളൻ
മയിലാഞ്ചി മണംകേട്ടു മയങ്ങിവീണു മണവാട്ടി
കുരുന്നുപിള്ളേർക്കരുൾതരിക ഈശോനായൻ തമ്പുരാനേ

3. അന്തം (ചന്തം) ചാർത്ത് പാട്ട്

മാറാനീശോ പതവിയിലെ മണർക്കോലപ്പുതുമകാണ്മാൻ
കുനാറ ബന്ധുക്കളും ഗുണമുടയ അറിവുള്ളോരും
അപ്പനോടു അമ്മാവന്മാരയലാരും ബന്ധുക്കളും
തേറാന ധനത്തെയൊത്തു വേഗമോടെ തൻപിതാക്കൾ മാറാനെ
മുൻനിർത്തി മാർഗ്ഗമാന നാൾ കുറിച്ചു
നാൾ കുറിച്ച ദിവസമതിൽ മുഴുക്കെപ്പൂശി ഭംഗിയോടെ
നിറത്തോടൊത്തങ്ങിരിക്കുംനേരം പാടിക്കളിക്കും ബാലകർക്കും
കോൽവിളക്കും, പാവാടയും ചന്തംചാർത്തി നീരുമാടി
നിന്നവർ കുരവയിട്ടു നെല്ലുമിട്ടു നിറവു വന്നു
തകിൽനാദം കൊമ്പുവിളി മറ്റുമുള്ള ഘോഷമായി
ഇടിയലറും വരവുകണ്ടാൽ പുലരും മുമ്പേ പള്ളിക്കകം
ഉണ്മയിലിരുന്ന പെണ്ണിനെ ഒളിവിൽവെച്ചു വെളിവതാക്കി

മങ്കയേനെകൊണ്ടു ചെന്നു മണവാളനരികെയിരുത്തി
ബുദ്ധിയൊത്ത കത്തങ്ങളും ബോധമുള്ള ശെമ്മാശ്ശന്മാരും
മന്ത്രകോടി മടിയിലിട്ടു മാർഗ്ഗമായ വചനം ചൊല്ലി
വചനം ചൊല്ലി തൊട്ടതാലി മാർഗ്ഗമായി കെട്ടിനാലെ
കാലാലെ വേഗമോടി കനകമൊത്തങ്ങകമ്പടിയും
വായാലെ മൊഴികൾ ചൊല്ലി പലതരത്തിൽ ബാലകർക്ക്
തകിൽനാദം കൊമ്പുവിളി മറ്റുമുള്ള ഘോഷമായി
ഇടിയലറും വരവു കണ്ടാൽ ഇരുളും മുമ്പേ പന്തൽക്കകം
നെല്ലും നീരും വിളക്കുമായി അമ്മായി വന്നങ്ങെതിരേറ്റു
ബാലകരെ കൊണ്ടുചെന്നു മണർക്കോലം പൂക്കവാറെ

## 4. നല്ലോരോറോശ്ളം

നല്ലോരോറോശ്ശിലം തന്നിൽ നഗരിയിൽ
മരതകമുത്തു വിളയുന്ന നാട്ടില്
മയിലാടുംപോലെ വിളങ്ങുന്ന മന്നന്
പത്തരമാറ്റിനു നിറമേനി ചൊല്ലാമെ
ചീനക്കുഴൽപോലെ ചിന്തുന്ന മന്നന്
മാർഗ്ഗത്തിലെരിവൊട്ടും കുറവില്ലീ മന്നന്
മലനാടു വാഴുവാൻ പോകണം മന്നന്
ബാവായുടെ കല്പനയാലെ പുറപ്പെട്ടു
യാത്രവിധിച്ചുടനനുവാദവും വാങ്ങി

(ലയംമാറ്റം)

അതുകൊണ്ടു കുലങ്ങളിലമുശങ്ങൾ കൊടുത്ത്
പലകൂട്ടം കാസോലിക്കാ പദവികൾ കൊടുത്ത്
രാജവാദ്യത്തോടുകൂടി യോഗ്യതയാൽ നടത്തി
ശുദ്ധമാന തൃക്കൈയിലെ പുസ്തകവും വാങ്ങി
ശുദ്ധമാന കാസോലിക്ക മർത്തോമ്മൻ വഴിക്കെല്ലാം

(ലയംമാറ്റം)

എസ്രായിൽ പൂക്കവനനുഗ്രഹം കൈക്കൊണ്ടു
നല്ലൊരു മുദ്രികമാണിക്യം കൈക്കൊണ്ടു
ആശയാൽ കൊച്ചിയിൽ മെച്ചമോ റോമ്മായിൽ

(ലയംമാറ്റം)

ഒത്തുതിരിച്ചവർ കപ്പൽകേറി
മലനാടു നോക്കി പുറപ്പെട്ടാറെ
കൊടുങ്ങല്ലൂരങ്ങിതെ വന്നിറങ്ങി
കൊച്ചീലഴിമുഖം കണ്ടവാറെ

ഈരെഴു നാലു വെടിയുംവച്ചു
വെടിവച്ചു ഗോപുരം കേറുന്നപ്പോൾ
ശിപ്പായിമാരവർ വിളികൊള്ളുന്നു
ബന്ധുക്കളൊക്കെ തളരുന്നയ്യോ
പള്ളിത്തണ്ടിന്മേൽ കൊടിയും കുത്തി
തണ്ടിനുമീതെയരാജ വർമ്മൻ
ചെമ്പകശേരിയും കൂടെയുണ്ട്
വെട്ടത്തു മന്നനും കൂടെയുണ്ട്
ഉറഹാ മാർ യൗസേപ്പെഴുന്നള്ളുന്നു
കത്തങ്ങൾ നാലരരികെയുണ്ട്.
ശെമ്മാശന്മാരവർ പലരുമുണ്ട്.
ശിപ്പായിമാരവർ അരികെയുണ്ട്
തൊമ്മൻ കിനാനവൻ കൂടെയുണ്ട്
വന്നു കടിലാസു വാങ്ങിക്കൊണ്ട്
കാലത്തുനിങ്ങളവിടെച്ചെന്ന്
കൈക്കുപിടിച്ചു കരയിറക്കി
കനകം പൊതിഞ്ഞോരു പള്ളിത്തണ്ട്
തണ്ടുകരേറിയിരുന്നുകൊണ്ട്
ഘോഷത്തോടെ ചെന്നു കോട്ടപുക്ക്
കോട്ടയിൽ മന്നൻ പെരുമാൾതാനും

(ലയം മാറ്റം)

പകൽവിളക്കും പാവാടയും രാജവാദ്ദീയങ്ങളും
ആശയാൽ മലനാടുവാഴുവാൻ വന്നു നാം
അഴകോടെ മക്കളെ കാണ്മാൻ കൊതിച്ചിട്ടുണ്ട്.

(ലയംമാറ്റം)

താശിയാലുള്ളൊരു മാതാവരുളോടെ
മെല്ലെ മുതുർന്നവർ സൂര്യകുലത്തുങ്കൽ
മന്നനെ കണ്ടങ്ങു പട്ടാങ്ങ കേൾപ്പിച്ചു
മരുവിയ വീടും പറമ്പുമടിമയും
ചെന്നവർ കമ്പിട്ടുവാഴുമതേറ്റാരെ
മുടിവെച്ചു വാണവർ മൂന്നു വരിഷമെ.

## 5. മുന്നം മലങ്കര

മുന്നം മലങ്കര കുടിയേറുമതിനാലെ
തൊമ്മൻ കീനാനെന്നദേഹം മുതൃന്നവാറെ-മെയ്യെ
രാജമക്കളെണ്ണോൻപതും കുടി പുകിന്ത്
കുടിയാരുത്തമരാകുമിവർ നാലു നൂറും

കാസോലിക്കായരുളാലെ കപ്പൽ പുകിന്ത്-മെയ്യെ
വന്ന പരദേശി കൊടുങ്ങല്ലൂർ പുകിന്ത്
പുകിന്താർ ചേരകോനെ കണ്ടു പരിശധികമായ്
പൊന്നും പവിഴം മുത്തുംവെച്ചു രാജ്യം കൊണ്ടാറെ
വന്നു പൊഴുതു തീർന്നു മുതൃന്നു കാര്യം കണ്ടാറെ-മെയ്യെ
ചുലി പാരിൽ പെരുമകൾ തെളിഞ്ഞിരിപ്പാൻ
കൊടുത്താർ പദവികൾ പഞ്ചമേളം പതിനെട്ടും
കൊമ്പും കൊഴലാലവട്ടം ശങ്കുംവിധാനം-മെയ്യെ
പൊൻമുടിയും മററും നല്ല ചമയമെല്ലാം
കൊടുത്താർ പദവികൾ പാവാട പകൽവിളക്കും
രാജവാദ്യീയങ്ങളേഴും കുരവ മൂന്നും-മെയ്യെ
കൊട്ടും കുരവയും നല്ലലങ്കാരമെല്ലാം
ഇഷ്ടത്തോടെ കൊടുത്തിട്ടങ്ങരചനും ★
എന്നിവയെല്ലാം വാങ്ങിക്കൊണ്ടാൻ തൊമ്മൻ കീനാനും-മെയ്യെ
ചേർച്ചയാൽ കുറിച്ചെടുത്ത ചെപ്പേടും വാങ്ങി
അരചർക്കരചൻ കൊടുത്തൊരു പദവികൾ
ആദിത്യനും ചന്ദ്രനുമങ്ങുള്ള നാളൊക്കെ-മെയ്യെ
ആദിത്യനും ചന്ദ്രനുമങ്ങുള്ള നാളൊക്കെ

### 6. ഇന്നു നീ ഞങ്ങളെ

ഇന്നു നീ ഞങ്ങളെ കൈവിട്ടോ മാറാനെ
ഇന്നു ഞങ്ങൾക്കൊരു പിന്തുണയില്ലല്ലോ
പട്ടണമൊന്നില്ല ഭാഷകളൊന്നില്ല
ഭംഗികൾ ഞങ്ങടെ ഭൂഷണം കൊണ്ടിട്ട്
കല്പന ഞങ്ങളിരിപ്പിടത്താക്കണം
എന്നുള്ളപേക്ഷയെ കേട്ടൊരു മാറാനും
നന്ദികലർന്നുടനൊന്നങ്ങരുൾചെയ്തു.
കാലോചിതംപോലെ നല്ലയാബൂൻമാരെ
കാലമീരാറിന്നു മുമ്പേ ഞാനെത്തിപ്പേൻ
ഏഴില്ലമെഴുപത്തിരണ്ടു കുടിയാരും
ഒത്തൊരുമിച്ചങ്ങു പോകണം നിങ്ങളും
വെണ്മയിൽ പോയാലും മക്കളെ നിങ്ങള്
ചട്ടയും മുട്ടാക്കും കൊന്ത ★ തലമുണ്ട്

---

★ 1910-ലെ ടെക്സ്റ്റിൽ 'അരശൻ' എന്നു കാണുന്നു.

★ ഇതു കത്തോലിക്കർ ഇപ്പോഴും ഉപയോഗിച്ചുവരുന്ന നൂററമ്പത്തുമൂന്നു മണി കൊന്തയാണ്. എന്നാൽ ഇതു സുറിയാനിക്കാർ തങ്ങളുടെ വിവാഹസമയത്തും അല്ലാത്ത സമയത്തും ഒഴിച്ചുകൂടാത്ത ഒരാഭരണമായി ഇന്നും ഉപ യോഗിച്ചുവരുന്നു.

ചങ്ങല കൈവള ചന്തമാം തലുവവും +
ചന്തമായുള്ളൊരു കോപ്പുകൾ കൂട്ടിട്ട്
കൂട്ടം കുടപിടിച്ചൊട്ടേടം ചെന്നപ്പോൾ
കപ്പലെ കേറുവാൻ കടപ്പുറം പൂക്കാറെ
ഉറ്റവരുടയവർ ബന്ധുക്കളെല്ലാവരും
തങ്ങളിത്തങ്ങളിലമ്പോടെ തഴുകുന്നു
മാർവത്തു കണ്ണുനീർ മാർവ്വം നനയുന്നു.
തമ്പുരാനല്ലാതെ ഇല്ലൊരു സാക്ഷിയും
മക്കളെ കാണുമോ ഹിന്ദുവിൽ പോയാലും
ബന്ധങ്ങൾ വേർവിടാതോർക്കണമെപ്പോഴും
പത്തുമൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ
പാടുമറിയാതിരിക്കണം നിങ്ങളും
തമ്പുരാൻ തന്റെ മനോഗുണം കൊണ്ടിട്ട്
കപ്പലൊരുമൂന്നുമൊന്നായിട്ടോടുന്നു.

(ലയംമാറ്റം)

മൂവരൊരുവന്റെ കല്പനയാലെ മർത്തോമ്മാൻ മൈലാപ്പൂരു
മുട്ടുപാടുകൾ തീർന്നു ഞങ്ങളെത്തിവന്നു കൊടുങ്ങല്ലൂർ
ചേരകോൻ പെരുമാൾ നാട്ടിലിന്നു ഞങ്ങളുടെ കേൾവിയും
ചേർച്ചയാലെ കാണണം മന്നവൻ തിരുമന്നവൻ
മന്നവൻ തന്നെ കണ്ടപ്പോൾ മാനസം തെളിഞ്ഞമ്പോടെ
മർത്തോമ്മാൻ തന്റെ ശേഷക്കാർ മാർഗ്ഗമങ്ങു തെളിപ്പാനായ്
കണ്ടു ഞാനിന്നു നിങ്ങളെ തപ്പാതെ കണ്ടു കല്പന
കണ്ടു കാഴ്ചകൾ വെച്ചവർ കാശും നല്ല രത്നങ്ങൾ
കാഴ്ചയാലെ തന്നാലും സാക്ഷിയൊപ്പിച്ചെഴുതണം
വേദപദവികൾ ഞങ്ങൾക്കു വേണ്ടുവോളം നൽകീതെ
ചേരമാൻ[1] പെരുമാളങ്ങു ചെപ്പേടന്നു കുറിക്കുന്നു
ചെന്നു മന്നൻ കണ്ടു നിലം ദാനമങ്ങു നൽകീതെ
മാറാൻ വന്നു പിറന്നശേഷം ശോവാലെന്ന[2] കാലത്തിൽ

---

\+ തലുവം = സ്ലീബാ, കുരിശ്

★ പത്തുമൊരേഴു–പത്തു കല്പനകളും ഏഴു കൂദാശകളും

1 1910 ലെ ടെക്സ്റ്റിൽ ചേരപോൻ എന്നു കാണുന്നു.

2 ശോവാല എന്നതു പരല്പേറും പ്രകാരം 345 എന്നാണ്. ഇതു കൂട്ടേണ്ടിയക്രമം–ക1. ഖ2......ജ8 ത്ധ 9 ഞ ശൂന്യം ട1 02... ഇങ്ങനെ കൂട്ടിയാൽ ശ5. വ4. ല3 ആകും. ഇതുമറിച്ചു വായിക്കുമ്പോൾ 345 എന്നാണല്ലോ.

മാനിഭൻ കിനായിതൊമ്മൻ ചെപ്പേടങ്ങു വാങ്ങിച്ചു
താശിയോടെ തച്ചർ വന്നുവെച്ചു പള്ളി പട്ടണം
ചില്പമോടെ വാണു സുഖിച്ചോട്ടുകാലം ചെന്നപ്പോൾ
ചിന്തതെളിഞ്ഞിങ്ങൽവന്നു രണ്ടു കപ്പൽ പുറക്കടലിൽ ★
പുറക്കടലിൽ ചീനിയിട്ടു പാർത്തുവന്നവരാരെന്ന്
പുക്കാടുപ്പിനിപ്പോളിവിടെ വേഗമാരെന്നറിയണം
ഈഴൽ കൂടാതങ്ങു ചെന്നു നിങ്ങളെന്തീവിടത്തിൽ
ഇണ്ടലായി കണ്ടനേരം മാർഗ്ഗവാസികൾ ഞങ്ങള്
കേൾവിയേറും ശെമഓൻ കേപ്പാ തന്റെ മാർഗ്ഗവും
കേട്ടു ക്രിസ്ത്യാനികളെ കൂട്ടിക്കൊണ്ടിങ്ങു പോന്നാറെ
ഗോവതന്നിൽ പോകുവോളം കൊറ്റു കൊടുത്തന്നിവർ
കൊള്ളവച്ചു നായർ കൂടി പട്ടണത്തിൽ പൂക്കാറെ
കൊള്ളിവച്ചു പള്ളിയഴിച്ചന്നു ചുട്ടു പട്ടണം
വെട്ടി മരിച്ചന്നു മൂവർ കൊറ്റവൻ നല്ല മന്നവൻ
വേദനയാൽ പോന്നു ഞങ്ങൾ നാടും നല്ല ഗ്രാമത്തിൽ
മർത്തോമ്മാൻ തന്റെ നന്മയാൽ വെച്ചു പള്ളിയൊന്നതിൽ
നായനരുളാലെ ഞങ്ങൾ പൂക്കു കുടി കടുത്തുരുത്തിൽ

## പന്തൽ പാട്ട്

ആദിയടിയാരെ ആക്കിയതും ചൊല്ലാം
അമ്പൻ മിശിഹാടെ നായകത്വം കൊണ്ട്
മാസവും നാളും വഴിയും വളർമ്മയും
മാതാവുചൊല്ലുന്ന മാർഗ്ഗംവഴി കേൾപ്പാൻ
ചേലിലിവയെല്ലാം ചെൽവം പിരിയാതെ
ചേലഴകാൽ ഒരു തോഴനെ വേണ്ടുകിൽ
ഇപ്പടപ്പെല്ലാം ഉടലേൽ പണിതീർന്നു
എപ്പോളുമുള്ള വനേകലരുളാലെ
തപ്പേതുമില്ല തനയേത്തന്നേകലാൽ
തപ്പില്ലാത്തേനാറും പാലാറു നിശ്ചയം
താശിയുടയവരിരുവരും പൂക്കെടം
പൂക്കെടം ചൊല്ലാ പുതുമ പലതുണ്ട്.
പുണ്യലോകർ മണവറെ ആണ്ടാറെ
ആണ്ടവനെ സ്തുതിച്ചിരന്നീടുന്നു.

(ലയംമാറ്റം)

മണവറയിൽ മരുവീടും മങ്കതന്റെകല്യാണം
കല്യാണപ്പന്തലിത് കാതലുള്ള പന്തലിത്

---

★ ഇതു പറങ്കികളുടെ ആദ്യവരവാണ്.

നല്ല മണപ്പന്തലിത് നാരിമേവും പന്തലിത്
ഇലകിളിടും പന്തലിത് കീർത്തിപ്പെട്ട പന്തലിത്
അധി ചുരുങ്ങിട്ടൊതുങ്ങികിലോ ദിവസിനാലും കല്യാണം
ഗുണമുടയവേദാമ്പൽ കൊള്ളുമൊരു കല്യാണം
നലമുടയ മോക്ഷം തന്നിൽ വാഴുമൊരു കല്യാണം

## 8. മംഗല്യ വട്ടക്കളി

മംഗല്യമെന്നതിന്റെ ഭംഗി പറവതിന്ന്
എങ്ങും നിറഞ്ഞ കന്നി അങ്ങീന്നരുൾ തരിക
ചുറ്റിലിരിക്കും ജനം കുറ്റം കുറകൾ കണ്ടാൽ
പെറ്റ മാതാവേപോലെ കുറ്റം പൊറുത്തീടേണം
കറ്റാർ കുഴലിയാളെ പെറ്റു വളർത്തോരമ്മ
ഉറ്റൊരു താതനോടു പെട്ടെന്നുരത്താമൊഴി
കെട്ടിന്നവൾക്കടുത്തു പെട്ടെന്നൊരു ചെറുക്കൻ
ഇഷ്ടം വരുമെടുത്ത് ഒട്ടും വൈകാതെ കണ്ട്
എന്ന മൊഴികൾ കേട്ടിട്ടന്നു തിരിഞ്ഞു താതൻ
നന്നു പുരുഷനെന്നിട്ടന്നു വരം കൊടുത്തു.
അന്നേയറിഞ്ഞു താതനന്നു പുരുഷനുമായ്
അന്നച്ചാരം കൊടുത്തു പെണ്ണിനെ ചെന്നു കണ്ടു
ഖണ്ഡിച്ചു കല്യാണവുമെണ്ണിക്കുറിച്ച നാളിൽ
പുത്തൻ പനയോലയിൽ ചിത്രമെഴുത്തുപെട്ടു
കത്തൻ വിളിച്ചുചൊല്ലി ശുദ്ധമാം പൂജനേരം
കോലാഹലത്തോടങ്ങു നാലു ദിശയറിഞ്ഞു
ചെത്തി വഴി പറമ്പിലെത്തുന്നവർക്കുവേണ്ടി
ഇട്ടോരു പന്തലൊക്കെ പട്ടാൽ വിതാനം ചെയ്തു
വെട്ടം കൊളുത്തി നീളെയിട്ടു മണർക്കോലവും
കൂടി വരുന്നു ജനം പാടേ കല്യാണവീട്ടിൽ
ചെന്നങ്ങറിയിക്കയാൽ ചെന്നു ചെറുക്കനന്ന്
പോകാം പള്ളിക്കലെന്ന് പോവാൻ മുതൃന്നവാറെ
വേഗം പെണ്ണു നടന്ന യോഗം പിന്നെ നടന്നു
വെള്ളച്ചമയത്തോടെ പള്ളിയകം പുകിന്തു
അമ്പുറ്റ കന്നിചെന്നു കുമ്പിട്ടകമലരിൽ
കമ്പം കളവതിനായ് കുമ്പസാരിച്ചു പിന്നെ
വേണ്ടും വചനം ചൊല്ലി കയ്യും പിടിപ്പിച്ചിട്ട്
കയ്യാലെയൂന്നിയവൻ കയ്യാലെ കെട്ടി താലി
പട്ടുമണിഞ്ഞവരെ കസേരയിലിരുത്തി
ഇട്ടുതരത്തിൽ വള പെട്ടെന്നു ഭൂഷണങ്ങൾ
കുന്തലഴിച്ചു തല കോന്തിയൊതുക്കിക്കെട്ടി
വേന്തൻ മുടികൾ വെച്ച് കാന്തി കലരുന്മണ്ണം

പെണ്ണും ചെറുക്കനുമായ് കണ്ണാടി മിന്നുംപോലെ
കണ്ണുമെഴുതി കുറി അഞ്ജനംകൊണ്ടുതൊട്ടു
മെല്ലെയിരുവരേയും ആനപ്പുറത്തിരുത്തി
നല്ല തൊഴുമ്മക്കാരൻ മുന്നിലകമ്പടിയും
ഒത്തു നടനടകൾ ചൊല്ലി നടന്നുടനെ
ഏകാന്തപ്പെൺകൊടിമാർ വായ്ക്കുരവയുമിട്ട
വാദ്യമേളവും നല്ല കൊട്ടും കുരവകളും
കുന്തമെറിഞ്ഞു നല്ല പന്താട്ടം കാണ്മിനിന്ന്
എന്തെന്തു കാണേണ്ടുന്നു ചിന്തിച്ചു കാണികളും
കോലാഹലത്തോടങ്ങു ചാല പുകിന്തശേഷം
ആലഹാനായൻതന്നെ പാടി സ്തുതിക്കുന്നേറ്റം

### 9. അയനിപ്പാട്ട്

മാറാതെ വാഴുടയോൻ മാറാനീശോമിശിഹാ
മിശിഹാതന്നരുളാലെ മാർ യോഹന്നാനബുനാൻ
അബുനാന്മാരൈവർ കൂടി ദേശമാം കൂറുകൊണ്ട്
ദേശമാം കൂറുകൊണ്ടു നാലരും നാലുദിക്കിൽ
വന്നതിൽ മാണിക്യമാം മാർ യോഹന്നാനബുനാൻ
ബഗദാശിൽനിന്നു പൂക്കു കുർബാന ചെയ്തവാറെ
കുർബാനപ്പരശുകൊണ്ടു മനമെഴുന്നപ്പമെല്ലാം
മാറാന്റെ അപ്പമതിൽ അമ്പിനാൽ കുമ്പിട്ടേറ്റം
ഗുണവാനാംപുരുഷനായ മാർ യോഹന്നാനബുനാൻ

(ലയമാറ്റം)

മാർ യോഹന്നാനബുനാൻ അടി കുമ്പിട്ടിരിപ്പാൻ
കന്തീശാപ്പള്ളി + നിലയാകെ നില്പാൻ
അയ്മേനിയൊക്കെ വിളിപ്പിച്ചുംകൊണ്ട്
മാർഗ്ഗമറിയാതെ നിന്ന ജനത്തെ
മാർഗ്ഗവും പൂക്കു കുർബാനകൊണ്ട്
ദോഷത്തെ നീക്കി ഗുണം താ പെരിയോനെ ★

---

\+ കന്തീശാപ്പള്ളി-ഉദയംപേരൂർപള്ളി ആകുന്നു.

★ ഈ നാട്ടിലേയ്ക്കു മെത്രാന്മാരെ ലഭിക്കുന്നതിനായി 1490-ാം കാലം കൊടുങ്ങല്ലൂർ ദേശവാസികളായ യൗസേപ്പ്, മത്തായി, ഗീവർഗീസ് എന്ന മൂന്നു ക്രിസ്തീയ വിശ്വാസികൾ ഇൻഡ്യയിൽനിന്നു കിഴക്കിന്റെ പാത്രിയർക്കീസിൻ പക്കലേക്കു പോയി. അവരിൽ മത്തായി എന്നയാൾ വഴിമദ്ധ്യേ വച്ച് മരിച്ചുപോകയാൽ ശേഷിച്ചവർ രണ്ടു പേരും കൂടി പാത്രിയർക്കീസിന്റെ പക്കലെത്തി തങ്ങളുടെ കാര്യത്തേ

### 10. വാഴുപാട്ട്

വാഴ്‌വെന്ന വാഴു നിനക്കാകെ തന്നേൻ
നീയും നിൻ ഭർത്താവും മക്കളും കൂടെ
കാലം പെരുതായ് വാണിട്ടിരിക്കണം
വാഴ്‌വാനഭൂമീം ഫലമാകത്തന്നേൻ
പങ്കിട്ടു നിൻ മക്കൾ കൊള്ളുകയെന്നേകി
വീഴാതെ ശെൽവവും വിരിവുമതെല്ലാം
വിരിവാന വാഴ്‌വതെല്ലാം നിനക്ക്
വിത്താലിരട്ടിപ്പതെല്ലാം നിനക്ക്
അടിയാർക്കടിമ കൊടുപ്പതും താനേ
അരുളാൽ, പെരുമകൊടുപ്പതും താനേ
തിരുവുള്ളമാന വഴിയെ നടപ്പാൻ
മുടി ചൂടുമാറു പെരുമ കൊടുത്ത്
ധനവതിയെന്ന ശ്രീയെക്കൊടുത്ത്
താനൊരു നന്ദിയുണർച്ചയും വെച്ച്
കാരണോർ താൻ പെറ്റ വാഴുവതെല്ലാം.
പെരിയോനരുളാലെ നിങ്ങൾക്കാകയെന്ന്
അപ്പോഴെ പെട്ടിയെടുത്തു തുറന്ന്
ആഭരണത്തെ പെരിയത്താൻ വാങ്ങി
ഉല്പനയ്ക്കൊത്ത മുറയാമപ്പൊന്നും
ഓരോന്നു നോക്കിത്തരം കണ്ടിട്ടവാറെ
ഇമ്പമായുള്ള വളകളുമിട്ടിട്ട്
ഇപ്പോളേയ്ക്കിത്ര വേണ്ടൂവതെന്തെന്ന്
ശില്പപ്പണിപ്പൊന്നുമൊക്കെയണിന്തോനെ
കല്പനയായുള്ള ഭർത്താവു മുന്നിൽ

---

അറിയിക്കുകയും പാത്രിയർക്കീസവർകൾ വി. എവുജേൻ പുണ്യവാന്റെ ആശ്രമത്തിൽനിന്നു രണ്ടു സന്ന്യാസികളെ തെരഞ്ഞെടുത്ത് മാർ തോമ്മാ മാർ യോഹന്നാൻ എന്നു പ്രത്യേക നാമകരണം ചെയ്തു മെത്രാന്മാരായി വാഴിച്ചു മേല്പറഞ്ഞവരോടൊന്നിച്ചയയ്ക്കുകയും ചെയ്തു. മെത്രാന്മാർ ഇവിടെ എത്തിയപ്പോൾ ഇവിടുത്തെ ക്രിസ്ത്യാനികൾ അവരെ ആഘോഷപൂർവ്വം കൈക്കൊള്ളുകയും ഇവർ ഇവിടെ വളരെ പള്ളികളുടെ പ്രതിഷ്ഠാകർമ്മം നടത്തുകയും അനേകം പേർക്ക് പട്ടം കൊടുക്കുകയും ചെയ്തു. ഇവരുടെ പിന്നാലെ മാർ യാക്കോബ്, മാർ ദനഹാ, മാർ യാബല്ലഹ എന്നു പേരായ മൂന്നുമെത്രാന്മാർ കൂടെ ഇവിടെ വരികയും ചെയ്തു. (തിരുവിതാംകൂർ സ്റ്റേറ്റു മാനുവൽ രണ്ടാം പുസ്തകം 148–ാംപുറം ഈ ഭാഗം മേൽ ചേർത്തിരിക്കുന്ന പാട്ടിനോടു യോജിക്കുന്നുണ്ട്).

കായമരമ്പോലെ നിന്നേനടിയൻ
കാണ്മാൻ കൊതിച്ചു പലനാളിരുന്നേൻ
നിന്നെ ഞാൻ പാലിലെ വെണ്ണ കണക്കെ
ദിവസവും നെഞ്ചിൽ കലർന്നങ്ങിരിക്കെ
പെൺപിള്ളേർ പാടുന്ന പാട്ടുകൾ കേട്ടിട്ട്
ബാവായ്ക്കുമുമ്മായ്ക്കും തിരുവുള്ളമായി
ഏറ്റമതേറ്റവും പെരിയോരു നാളെ
തിരുവുള്ളമായ വഴിയെ നടപ്പാൻ
മാർ യാക്കോവാബൂനാൻ തൻ കൃപകൊണ്ട്
ത്രീയേക നാഥനാം തമ്പുരാനെ
അനുഗ്രഹം നൽകണമിവർക്കെന്നേയ്ക്കും

### 11. വാഴ്വ വട്ടക്കളി

ആലഹാനായൻ തുണയാലെ ചൊല്ലുന്നു
അൻപൊടു നല്ല വിശേഷങ്ങൾ ചൊല്ലുവാൻ
ആദരാൽ നാവിൽ വിളങ്ങിത്തെളിയണം
ആകെപ്പറവാൻ പണിയെന്നതാകിലൊ
വീഴ്ച പലതുണ്ടിതിനെന്നതാകിലും
വീഴ്ച പൊറുക്കണം കൂടിയ ലോകരും
അൻപൻ മണവാളൻ തന്നുടെ തോഴിയും
അൻപോടെ നല്ല ചമയങ്ങൾ പൂണ്ടാറെ
ആദരവാലുളങ്ങ പൊൻമുടി ചൂടീട്ട്
അഴകോടെ ചെന്നങ്ങു പള്ളിയകംപൂക്ക്
പള്ളിയിൽ വെച്ചങ്ങു പട്ടക്കാർ കൈക്കൊണ്ടു
കയ്യും പിടിച്ചിച്ചഴകോടറിവാളർ
കൂടിയ ലോകരും കോലാഹലത്തോടെ
കോമളമായൊരു പന്തലകംപുക്ക്
ഘോഷിച്ചു നല്ല മണർക്കോലം പൂക്കാറെ
ഓമനയുള്ള മകനേക്കണ്ടമ്മയും
ഉണ്മയിലൊന്നു കൊടുക്കണമെന്നോർത്ത്
പൊന്നുംതളികയിൽ പാലും പഴവുമായ്
വെള്ളി വിളങ്ങുന്ന കിണ്ടിയിൽ വെള്ളവും
കൊണ്ടുചെന്നങ്ങു കൊടുത്ത മധുരങ്ങൾ
ഇച്ഛിച്ചു തന്ന മധുരങ്ങൾ ചൊല്ലുവാൻ
ഇച്ഛയിലൊന്നും ശരിപ്പറവാനില്ല
ഈശോമിശിഹാ തുണയാകുന്നെപ്പോഴും

## 12. പൊന്നണിന്തീടും

പൊന്നണിന്തീടും തണ്ടുകരേറി
മംഗല്യവേലകാണ്മാൻ
വളർകൊടി മുമ്പിൽ മുത്തണിന്തോനെ
വാട്ടവും വീശി മെയ്യെ
പിന്നണി മുന്നിലകമ്പടി നായൻ
നിൻ വിളയാട്ടവും പാട്ടും

(ലയംമാറ്റം)

മുത്തുചിന്നത്തോടു ചിത്രം നിരത്തീതെ
മുന്ത്രിങ്ങാ മാണിക്യം പളുങ്ക് നിരത്തീതെ
പച്ചവൈഡൂര്യം പവിഴം നിരത്തീതെ

(ലയംമാറ്റം)

സ്ലീവായിലെയിടയോർ മണിയിടയോർ നിരത്തീതെ
ചിത്തിരിക്കാകളും പൊന്നും പൂവോ നിരത്തീതെ
കോവൽ പഴുക്കാനിറം ചെല്ലുമിവൾ മേനി
വാ കണ്ടാൽ നല്ല തത്ത ചുണ്ടുനിറം തോന്നും
നീറ്റിൽ കുളിച്ചെടുത്ത മുത്തിനൊളിവാലെ
നീലത്തടം കണ്ടവനെ എന്നെ മറന്തോനെ
ആലിൻ തളിരുപോലെ ഇമ്പമുദരമുള്ളോനെ
നാളേറെ ചെല്ലുന്തോറും നന്നായ് വരുന്തോനെ
കൊഞ്ചൽകളി കന്നിമാർ കനകമണിമാർകളും
ഏറെ നല്ല പങ്കുതരാം പട്ടുതരാം വന്തിരി
കുങ്കുമത്തിൻ മണവാളൻ തൻ വരവു കാണ്മാൻ
ഏറിയൊരു മേനിമേൽ കേറിയോ നില്പവനെ
കുങ്കുമത്തിൻ മണവാട്ടി തൻ വരവു കാണ്മാൻ
ഏറിയൊരു മേനിമേൽ കേറിയോ നില്പവളെ

## 13. അടച്ചുതുറപ്പാട്ട്

മങ്കതങ്കം മണവറയിൽ മണവാളൻ കതകടച്ചു
എങ്കംപുകൾ പെറ്റവനെ എന്നുടയ മണവാളാ
സന്തോഷാൽ മാവിതാനും തന്നുറ്റുടയ മങ്കമാരും
താശിയോടെ നീയടച്ച മണവറയുടെ വാതൽ ചുറ്റും
പേരാരം പൂണ്ടൊരു പെരുംതായാർ വന്നു വാതൽമുട്ടി
മണിമോതിരക്കയ്യാലെ മാവി വന്നു വാതൽമുട്ടി
പൂമോതിരക്കയ്യാലെ നാത്തൂൻ വന്നു വാതൽമുട്ടി

ഉറ്റോരു ജ്യേഷ്ഠത്തി വന്നു തവിയോടെ വാതിൽമുട്ടി
ഉറ്റോരു ചങ്ങാതി വന്നറുതിയോടെ വാതൽമുട്ടി
പെറ്റതായാർ മണിവിളക്കും പിടിച്ചുനിന്നു വാതൽമുട്ടി
വട്ടക കിണ്ടിയും തരാം തട്ടമൊത്ത താലംതരാം
കട്ടിൽ തരാം മെത്ത തരാം കണ്ടിരിപ്പാൻ വിളക്കുതരാം
പട്ടുചേല ഞാൻ തരുവേൻ ഭംഗിയൊത്ത മേൽവിതാനം
ഇഷ്ടമൊത്തൊരെൻവകയും ഹിതത്തിനോടെ ഞാൻ തരുവേൻ
ഒത്തവണ്ണം ഞാൻ തരുവേൻ ഒന്നിനും കുറവില്ലാതെ
എന്റെ മകനെ മണവാളാ! മണവറയുടെ വാൽതുറ
ഇത്രയും ഞാനഴുതിരന്നേൻ നീയതേതുമറിയായോ
ചിത്തിരത്തിലൊത്തവനും ചിങ്കാരപ്പെൺകൊടിയും
ബുദ്ധിയൊത്തൊരിരുവരുമായി പൊഴുതുമാണന്നിത്തിരയാം
മണവാളനുറക്കമെങ്കിൽ തോഴൻ വന്നു വാതിൽതുറ
വാതൽ തുറപ്പിൻ പുറപ്പെടുവിൻ നീരാടുവാൻ നേരമായി

### 14 എണ്ണപ്പാട്ട്

ആദി പെരിയനായൻതന്റെ ഏകലരുളാലെ
അൻപുറ്റ മണവാളനും പെൺകൊടിയുമായി
പാതിയൊരു ചേലകൊണ്ടൊരുമ്പാടായുടുത്ത്
നീതിയോടെ അവർ പോയി പന്തലിലിരുന്നു
ചിക്കനെ മുതിർന്നുവന്നമ്മാവിയെണ്ണതേച്ചു
ശില്പമോടെ നീരുമാടി ചേലയും പകർന്നു
ചുറ്റുംനിന്നു പെൺകൊടിമാർ വായ്ക്കുരവയിട്ടു
അവൻ തന്റെയമ്മപെങ്ങൾ നെല്ലും നീരും വെച്ചു
ഒത്തുനിന്ന പൺകൊടിമാർ കൈക്കുപിടിച്ചുകേറ്റി.

### 15 കുളിപ്പാട്ട്

കുന്നു കുഴിച്ച കുളിക്കടവും തോന്നിതെ
മണ്ണുമറിച്ച മണിക്കിണറും തോന്നിതെ
പൂവിട്ടു കൂന്തലും പൂവും നനഞ്ഞിതെ
പുഷ്പങ്ങൾ ചൂടും തലയും നനഞ്ഞിതെ
ശംഖു കടഞ്ഞ കഴുത്തും നനഞ്ഞിതെ
ചന്ദനം തേക്കുന്ന മാർവും നനഞ്ഞിതെ
ഭൂമിയോടൊത്ത പുറവും നനഞ്ഞിതെ
ആലിലയ്ക്കൊത്ത വയറും നനഞ്ഞിതെ
ആടയുടുക്കുമരയും നനഞ്ഞിതെ
കൊണ്ടാടും കാൽപുറവടിവും നനഞ്ഞിതെ

(ലയംമാററം)

പൊന്നുംകിടാരത്തിൽ നീർകോരി അവൻ കുളിച്ചു
വെള്ളിക്കിടാരത്തിൽ നീർ കോരി അവൾ കളിച്ചു.

(ലയംമാറ്റം)

പട്ടുമുണ്ട് പട്ടറുമാൽ വേണമെന്നും മണവാളൻ
പട്ടുപുടവ പണിച്ചട്ട വേണമെന്നു മണവാട്ടി.
ഓടത്തിൽ ചന്ദനം വേണമെന്നു മണവാളൻ
താലത്തിൽ കസ്തൂരി വേണമെന്നു മണവാട്ടി

(ലയംമാറ്റം)

പൊന്നും മെതിയടിമേൽ മെല്ലെ മെല്ലെ അവൻ നടന്നു
വെള്ളി മെതിയടിമേൽ മെല്ലെ മെല്ലെ അവൾ നടന്നു.

(ലയംമാറ്റം)

അവൻ പോകും വഴിയെല്ലാം പൊന്നുംപലക നിരത്തി നിരത്തി
അവൾപോകും വഴിയെല്ലാം വെള്ളിപ്പലക നിരത്തി നിരത്തി
അവനിരിക്കും മാളികമേൽ കൊങ്കുമപ്പനിനീര്
അവളിരിക്കും മാളികമേൽ കളഭങ്ങൾ കസ്തൂരി.

16. വിളക്കുതൊടീൽ പാട്ട്

കന്നിമറിയത്തിൻ നന്മയതിനാലെ
നന്മയിൽ കന്നിയും തോഴിമാരും കൂടെ
കല്യാണഘോഷത്താൽ നീരാടി വന്നിട്ട്
മണവാട്ടിയും തോഴിയും പന്തലകം പുക്ക്
വിതാനിച്ച പന്തലിൽ വിളക്കതും തൂക്കീട്ട്
അഞ്ചും നാലൊമ്പതു തിരിയും തെറുത്തിട്ട്
വിളക്കിനു മൂന്നു വലത്തും വെച്ചാദരാൽ
ഭക്തിയാൽ കൈകൂപ്പി കുരിശും വരച്ചിതെ
കന്നിമറിയം തുണയാകെ ഞങ്ങൾക്കു
പന്ത്രണ്ടു ശ്ളീഹന്മാർ നിലയാകെ വന്നിട്ട്
ആലഹാനായനുമമ്പൻ മിശിഹായും
റൂഹായും കൂടെത്തുണയ്ക്കയിവർക്കെന്നും

---

കുറിപ്പ്-'വിളക്കുതൊടീൽ' പാട്ടുകൊണ്ട് കല്യാണപ്പാട്ടുകൾ അവസാനിക്കുന്നു. എന്നാൽ മൈലാഞ്ചി ഇടീൽ, അന്തം (ചന്തം) ചാർത്ത്, കെട്ടിക്കേറുക, തഴുക്, അടച്ചുതുറ, കുളി മുതലായ കല്യാണത്തിന്റെ ആദ്യാവസാനമുള്ള ഓരോ ചടങ്ങുകളുടെയും ഇടയിൽ സമയംപോലെ പാടാവുന്നതും പാടിവരുന്നതുമായ ചില പാട്ടുകളും വട്ടക്കളികളും പള്ളിപ്പാട്ടുകളും കൂടി താഴെചേർത്തുകൊള്ളുന്നു.

ഇവിടെ കല്യാണപ്പാട്ടുകൾ അവസാനിക്കുന്നതിനാൽ മേൽ ചേർത്തിരിക്കുന്ന പാട്ടുകളുടെയിടയിൽ ഓരോ അവസരങ്ങളിൽ സമയം പോലെ ഉപയോഗിയ്ക്കാവുന്നതും ഉപയോഗിച്ചു വരുന്നതുമായ ചില വട്ടക്കളിയും മറ്റുംകൂടെ താഴെ ചേർത്തുകൊള്ളുന്നു.

# ആദത്തിന്റെ വട്ടക്കളി

ആലഹാ തൃക്കയ്യാലെ ആദം മനയപ്പെട്ടു
പാലിച്ചങ്ങാദത്തെ പറുദീസാ തന്നിലാക്കി
ഏകനാം ആദത്തിനവിടെ തുണയില്ലാഞ്ഞു
ഏകേശ്വരൻ തന്നെ ശയനം കൊടുത്തവന്നു
നിദ്രപൂണ്ടാദം ശയിക്കുന്ന നേരത്തുങ്കൽ
കർത്തൻ ചെന്നാദത്തിന്റെ വാരിയെടുത്തിട്ട്
വാരിയെടുത്തവിടെ മാംസത്തെ ചേർത്തുനാഥൻ
വാരികൊണ്ടവ്വായെ സൃഷ്ടിചെയ്താലാഹായും
ഹാവായെ സൃഷ്ടിചെയ്താദത്തിന്റെ പക്കലാക്കി
ഹാവായെ കണ്ടശേഷം ആദം പറഞ്ഞക്കാലം
അസ്ഥികൊണ്ടസ്ഥിയും മാംസത്താൽ മാംസവും
വേസ്തയായിട്ടവൾ പുരുഷനിൽ നിന്നെടുത്തു
ആണിൽനിന്നെടുക്കയാൽ സ്ത്രീയെന്നു പേർ വിളിക്കും
ആണിതുകൊണ്ടു തന്റെ മാതാപിതാവിനേയും
വിട്ടുപിരിഞ്ഞു തന്റെ പത്നിക്കു ചേർന്നീടുന്നു
ഹിതമായിട്ടവരൊരു ജഡമായി തിരിഞ്ഞീടും
ആദവുമവ്വായും ലജ്ജ കൂടാതെ കണ്ട്
തനിയായി പറുദീസാ തന്നിലിരിക്കുമ്പോൾ
ആലാഹാ ചമച്ചുള്ള വനവാസജന്തുക്കളിൽ
കൌശലബുദ്ധിയുള്ള സർപ്പം ചെന്നവ്വായോട്
പറുദീസാ തന്നിലുള്ള സകല ഫലത്തിൽനിന്നും
ഒരുനാളും ഭക്ഷിക്കായ്വാൻ ദൈവം വിലക്കിയോ
ഉത്തരം സർപ്പത്തോടങ്ങവ്വാ പറഞ്ഞു വാർത്ത
ഉത്തമത്തോട്ടത്തിന്റെ മദ്ധ്യേ വൃക്ഷത്തിൽനിന്ന്
മൃത്യുഭവിക്കാതാവാൻ ഭക്ഷിക്കേണ്ട നിങ്ങളും
മറ്റുള്ള വൃക്ഷത്തിന്റെ കായ്കനി സകലവും
മറ്റും പാരാതെ പറിച്ചതു ഭുജിച്ചീടുവിൻ
ഇപ്രകാരം കർത്താവരുളിച്ചെയ്തിട്ടുണ്ട്
കല്പനയിത്ഥം ഹാവാ ചൊന്നതു കേട്ടപ്പോൾ
നിശ്ചയം നിങ്ങൾ മരിക്കയില്ലയെന്നേക്കും
ഇഛയാലിക്കനി ഭക്ഷിക്കും നേരത്തുങ്കൽ
നയനം തുറന്നുടൻ ദൈവത്തിൻ തുല്യമാകും
നായകനിക്കഥകൾ പൂർവ്വം ഗ്രഹിച്ചിട്ടുണ്ട്
ബുദ്ധിക്കും കാഴ്ചയ്ക്കുമാഹാരസൗഖ്യത്തിനും
ഉത്തമക്കനിയെന്നു സ്ത്രീ ബോധേ നിരൂപിച്ചു
ആർത്തിമുഴുത്തെടുത്താഹാരം കഴിച്ചവൾ
ഭർത്താവിനും കൊടുത്തുടനെ ഭക്ഷിച്ചവനും

കല്പന ലംഘിച്ചപ്പോൾ നഗ്നരെന്നറിഞ്ഞവർ
സർപ്പം പറഞ്ഞതുപോലെ നയനം തുറന്നവർക്ക്
പച്ചിലകൾകൊണ്ടുള്ള വസ്ത്രങ്ങളും ചമച്ചു
മെച്ചമാം തോപ്പിൽ നടക്കുന്ന കർത്താവിന്റെ
ശബ്ദത്തെ കേട്ടനേരം ലജ്ജിച്ചു മാനുഷരും
തോപ്പിന്റെ മദ്ധ്യഭാഗം തന്നിലൊളിച്ചുടൻ
ആദമേ നീയെവിടെയെന്നരുൾ ചെയ്തീടുന്ന
നാദത്തെ കേട്ടനേരം നഗ്നരായിട്ടൊളിച്ചവർ
നഗ്നരെന്നുള്ള വാർത്ത എങ്ങനെ ഗ്രഹിച്ചു നീ
പത്നിയായ് തന്ന നാരി തന്ന കനി തിന്നു ഞാൻ
എന്തുകൊണ്ടീപ്പാപങ്ങൾ ചെയ്തുയെന്നവളോടും
ചന്തത്തിൽ സർപ്പം വന്നു വഞ്ചിച്ചവനെന്നേയും
കല്പനകേട്ടനേരം പിഴച്ചെന്നിരന്നെങ്കിൽ
പാപമില്ലെന്നു സാക്ഷി നൽകുന്നു ശാസ്ത്രികൾ
ഉരസാലെ നടക്കയും പൊടിഭുജിച്ചീടുകയും
നാരിയിൽനിന്നുണ്ടായ പുത്രൻ ശത്രു നിനക്കു
ശിരസ്സിലെ പിഴകൊണ്ടു മൃത്യു ഭവിച്ചീടുവിൻ
സർപ്പത്തെ ശപിച്ചുകൊണ്ടവ്വായോടുര ചെയ്തു
കല്പന ലംഘിക്കയാൽ ഗർഭധാരണം ഭാരം
ഭർത്താവു കർത്താവാകും ദു:ഖത്താൽ പ്രസവിക്കും
ഭർത്താവെ ആഗ്രഹിക്കും നൊൻപരം വർദ്ധിച്ചീടും
അവസ്ഥ പറഞ്ഞുടനാദത്തോടുരചെയ്തു
ശപിക്കപ്പെട്ടു ഭൂമി നാരിയെ വേൾക്കകൊണ്ട്
വിയർപ്പാൽ ഭക്ഷിക്കും നീ പൊടിക്കു പീന്തിരിയും
പശിക്കും ദാഹത്തിനും സൌഖ്യമുണ്ടാകയില്ല
ജീവനുള്ളവർക്കൊക്കെ മാതാവായിരിക്കയാൽ
ജീവാത്മാവാദം ബാവാ പേർവിളിച്ചവ്വായെന്ന്
ഭാര്യക്കുപേർ വിളിച്ച ഭർത്താവാമാദത്തിന്
കർത്താവതുകാലം ചമയം ധരിപ്പിച്ച്
രണ്ടു മാനുഷരേയും ഭൂമിയിൽ വേല ചെയ്‌വാൻ
ക്രോബേൽ മലുക്കുവന്നങ്ങാട്ടി പുറത്താക്കി
ക്രോധത്താൽ ധീരനായി മിന്നുന്ന വാളിനാലെ
ഏദനെന്ന തോട്ടത്തിൽ പൂർവ്വെ മറ്റൊരുഭാഗെ
സ്ഥാപിച്ചുവച്ചാലാഹാ കർത്താവിന്നല്ലേലൊയ്യാ

# എട്ടുത്തിര വട്ടക്കളി

എട്ടു ദിശിയും വിളങ്ങിന മാർത്തോമ്മാൻ
അരുൾപെറ്റ മാന്യ മണവാളപ്പിള്ള താൻ
ഏറ്റമരുൾപെറ്റ കന്നിതാൻ വാഴെല്ലാം
മണവാട്ടി തന്നുടെ തോഴിയുമായിട്ട്
പൊന്നും മുടിയും മുടിക്കീഴാഭരണവും
മറ്റുകൈ മോതിരം ഒക്കെയണിന്ത പോൽ
പേർപെറ്റ മങ്ക കഴുത്തേലോരോതരം
പണിപ്പൊൻ കൊണ്ടൊക്കെയലങ്കാരമായിട്ട്
പൊക്കമെഴകിയ സിംഹാസനത്തിന്മേൽ
ശിങ്കാരത്താലെയിരിയ്ക്കും പദവികൾ
പെണ്മണിക്കാർ കുഴൽ പൊൻ മുടിയും പൊന്നും
പൂവലണിന്തൊരു നെറ്റിപ്പട്ടം ചാർത്തി
ആദിത്യനേപ്പോൽ വിളങ്ങും മണവാളൻ
തന്നരികത്തൊരുതിങ്കളുദിച്ചപോൽ
ആക്കമില്ലാർക്കും കൊടുപ്പവനെ നിന്റെ
കന്യകൾ രണ്ടിനെ കാത്തുകൊള്ളേണമേ
കുത്തിയുടുത്താപ്പുതുപ്പട്ടതൻ മീതെ
വടിവോടു പൂശുന്നു കളബംകസ്തൂരികൾ
ഭൂവനമതെല്ലാം വിളങ്ങുമീത്തോഴന്മാർ
കുത്തുകഴനാലും വെച്ച പൊന്നും പൂവും
പത്തുവിരല്ക്കും നിരന്തപൊൻമോതിരം
പാലുപോൽ തങ്കം വിളങ്ങും തലൂവവും
പത്തുമിരുപതും തരുണികളകമ്പടി
പാട്ടും കുരവയലങ്കാരത്തോടായി
എത്തിനാർ പന്തലിൽ മെല്ലെ മെല്ലെ ചെന്നു
വെച്ച പരുന്തിരിയൊക്കെ ജ്വലിപ്പിച്ച്
പന്തലകത്തങ്ങു പുക്കവരെല്ലാരും

# വേറൊരു വട്ടക്കളി

നല്ലൊരു വന്ദ്യയിസറായിൻ കന്നിതാൻ
ആദത്തെ വീണ്ടൊരു കന്നി മകനേയും
ആദം പെരുകുന്നു ഭൂമി നിറയുന്നു
നമ്മുടെ മക്കൾ മരുമക്കളങ്ങനെ
ബുദ്ധി പെരുത്തുള്ള ശെമ്മാശ്ശന്മാരുണ്ട്

ഭക്തി മുഴുത്തുള്ള കത്തങ്ങളങ്ങനെ
ഏറെയറിവുള്ള മേൽപ്പട്ടക്കാരും
ശക്തി പെരുത്തുള്ള കൂട്ടവുമങ്ങനെ
ഏവരുമൊന്നായിക്കൂടി നിരുപിച്ചു
നല്ലൊരു കല്യാണമിന്നു കഴിയ്ക്കണം
വേണ്ടും ജനത്തോടു കല്യാണം കേൾപ്പിച്ചു
വേണ്ടും തരങ്ങളുമെല്ലാം വരുത്തീട്ട്
നല്ല സുഗന്ധവർഗ്ഗങ്ങളുമങ്ങനെ
നീരാളം കൊണ്ടുള്ള കുപ്പായമങ്ങനെ
നല്ലൊരു വില്ലൂസിൻ ചട്ടയുമങ്ങനെ
ദമ്പതിമാരവർ തോഴരുമായിട്ട്
വസ്ത്രമണിഞ്ഞങ്ങു യാത്ര തിരിച്ചവർ
നല്ല വിളക്കും നഗരിലിണങ്ങരും
ശിൽപ്പപ്പണിപൊന്നുമൊക്കെയണിഞ്ഞോരെ
നല്ല കുരിശും പണമാല ഇട്ടാറെ
ഏറ്റം വിലയുള്ള പത്താക്കുക്കോർമ്പലും
വില്ലിട്ട കാരുകൾ മാലകളങ്ങനെ
മാണിക്യക്കല്ലിനൊടൊത്തൊരു രത്നങ്ങൾ
കതിലലകനുരുക്കു മണികളും
കാതിൽക്കനകങ്ങൾ കൈവള മോതിരം
പൊൻമുടിയും നല്ല പൊൻപൂവും ചൂടീട്ട്
ആലവട്ടം നല്ല വെഞ്ചാമരങ്ങളും
ഇങ്ങനെ ഘോഷമായ് പള്ളിയകം പുക്ക്
നേർച്ചയും കാഴ്ചയും നന്നായി ചെയ്തിട്ട്
പട്ടക്കാരൻ വന്നു കയ്യും പിടിപ്പിച്ച്
മംഗല്യകർമ്മങ്ങളെല്ലാം തികഞ്ഞിട്ട്
ഘോഷത്തോടെയവർ യാത്ര പുറപ്പെട്ടു
പാട്ടും കുരവയും വാദ്യധ്വനികളും
അഭ്യാസക്കാരവൻ ചാടിമറിയുന്നു
ഇങ്ങനെ ഘോഷമായ് പന്തലകം പുക്ക്
ദമ്പതിമാരെ മണർക്കോലമേറ്റീട്ട്
എല്ലാരും പന്തലിൽ മോദാലിരിയ്ക്കുന്നു
പൊന്നും തളികയിൽ വെച്ചോരു വെറ്റില
കൂടിയവരൊക്കെ വാങ്ങിച്ചു വെറ്റില
വെള്ളത്തളികമേൽ വെച്ചോരു വെറ്റില
മങ്കമാർക്കൊക്കെ കൊടുക്കുന്നു വെറ്റില
മരതകവീട്ടിൽ വിളങ്ങുന്നു വെറ്റില
കെട്ടോടെ വാരി വിതറുന്നു വെറ്റില
കല്യാണഘോഷം പറഞ്ഞാൽ മതിവരാ.

# പൂർവ്വയൗസേപ്പിന്റെ വട്ടകളി

ആദിപിതാവു സുതനീശോമിശിഹാ താനും
ആലാഹാ തന്നരൂപി റൂഹായും ഞങ്ങൾക്കെല്ലാം
ആനന്ദമായ തുണ വേണം മനം തളിരിൽ
ആലം പടച്ചാവണ്ണമാദീലെഴുത്തുപെട്ടു
ആദാരവാപടത്തിലുള്ള വിശേഷങ്ങളേ
ആശ്ചര്യമായൊരല്പം പാടി സ്തുതിപ്പതിന്ന്
അരൂപിയിലാലോചന കന്നിമറിയം തന്റെ
ആശ്ചര്യപുണ്യാഗുണ്ണം കൊണ്ടു പറയും ഞങ്ങൾ
ആദം മുതൽ പെരുകീ ഭൂലോകമാനുഷരും
ആയവർ തന്റെ പിഴ ഓരോന്നെ ചൊൽവതിന്
ആവോളം ഓർത്തുകൊണ്ടാൽ പാപം വരുവതില്ല
ആയതു മൂലമേക നായൻ തിരുമനസ്സിൽ
ആകെ മുടക്കിയെന്നു കോപം മുതൃന്ന നാളിൽ
ആചാരമുള്ള നോഹും തന്നേയും ഭാര്യയേയും
ആത്മജർ മൂവരേയും ആയവർ നാരികളും
ആസ്തയാൻ വിത്തിനായിട്ടാലാഹാ താനെടുത്തു.

(രണ്ടാം പാദം)

നോഹിന്റെ സന്തതിയാൽ വർദ്ധിച്ചു മാനുഷരും
താതന്റെ പത്താംമക്കൾ നോഹെന്നാതെന്നപോലെ
പത്തു കരിന്തലയുമെത്തിയ കാലങ്ങളിൽ
ഭക്തി മുഴുത്തു താതനൗറാഹം താൻ പിറന്നു
ചിത്തെ നിരൂപിച്ചു സാറായെ വിവാഹം ചെയ്തു
പാർത്തൊരു കാലങ്ങളിലോർത്തിതു സാറാ തന്നിൽ
മച്ചിയെന്നുള്ളതിനെ നിശ്ചയിച്ചവുറാഹം
മക്കളില്ലായ്കകൊണ്ടു ദുഃഖിച്ചിരിക്കും കാലം
തന്നുടെ നാരി സാറാ തന്റെ വചനം കേട്ട്
തന്നടിയാട്ടിയാഗാർ തന്നെയൗറാഹം കെട്ടി
ഹാഗാറിൽ നിന്നും പുത്രനിശുമായേലും പിറന്നു
അക്കാലമേകനാഥനൗറാഹം തന്നോടേകി
മാർഗ്ഗം വറുഗീസെന്ന ശാസ്ത്രം കൈക്കൊൾക വേണം
ഓർക്കേണ്ടാ സാറാ തന്നിൽ പുത്രരുണ്ടായില്ലെന്ന്
നിൻനാരി സാറാ തന്നിൽ നിന്നു പിറന്നീടുന്ന
ഒന്മയാലുള്ള പുത്രനിസഹാക്കെന്നുള്ള പേരും

ബാലനു വീഴുമെന്നരുളിതു വാഴുടയോൻ
കാലം വൈകാതൌറാഹം മുന്നിശുമായേലിന്ന്
കല്പന പോലെ വറുഗീസുമിട്ടക്കാലത്തിൽ
കാരുണ്യനാഥൻ തന്റെ കല്പന പോലെ തന്നെ
നാരി സാറായിൽനിന്നു നല്ലൊരു പൈതലുണ്ടായ്
എട്ടാംനാൾ വറുഗീസുമിട്ടിതു കല്പന പോൽ
തുഷ്ടിയായിസഹാക്കെന്ന നാമവുമിട്ടശേഷം
സന്തോഷമായ് വളർന്നു മേവുന്ന കാലങ്ങളിൽ
അന്തോനാമീശൻ വെളിപാടൗറാഹത്തിനന്ന്
കല്പിച്ചു നിന്നോടു ഞാൻ ചൊല്ലും മലമുകളിൽ
കാലം വൈകാതെ നിന്റെ പുത്രനിസഹാക്കിനെ
കൊണ്ടെയറുത്തു പൂജിച്ചിടേണം നീയിനിക്ക്
ആണ്ടവൻ തന്റെയരുൾ കേട്ടൊരു നാഴികയിൽ
ആചാരഭക്തിയായിട്ടിസഹാക്കിനെയും കൂട്ടി
പൂജയ്ക്കു വേണ്ടുന്ന വിറകു സുതനെക്കൊണ്ട്
ഒട്ടും വൈകാതെയടുപ്പിച്ചൊരു നേരത്തുങ്കൽ
ഇഷ്ടരായുള്ള രണ്ടു വാലിഭക്കാരെ കൂട്ടി
ഔറാഹം തന്റെ കയ്യിൽ അഗ്നിയും വാളുമായി
അവരോടു കൂടെച്ചെന്നു ഗാഗുൽത്തായടുത്തപ്പോൾ
വാലിഭക്കാരിരുപേരുമടിവാരത്തിൽ
പാർപ്പിച്ചശേഷമിസഹാക്കവുറാഹം മുന്നൽ
പർവ്വതമേറി പൂജക്കോപ്പും വശം വരുത്തി
പൂജിച്ചീടുവാനായി ബന്ധിച്ചിസഹാക്കിനെ
പൂജിക്കയെന്നുറച്ചു വാളുമെടുത്തനേരം
ആകാശം തന്നിൽ നിന്നു വാഴുടനായനപ്പോൾ
ഔറാഹം തന്നെ വിളിച്ചരുളിതു മൊഴികളും
പൈതൽമേൽ നിന്റെ കരം നീട്ടരുതെന്നറിക
പാരാതെ എന്നിൽ നിന്നു തന്നെ ഞാൻ നിന്റെ പുത്രൻ
തന്നെ മുടിക്കയില്ലാ എന്നതു കേട്ടുകൊൾക
സാരമായുള്ള വസ്തു ചെയ്തോരു നിന്നെ ഞാനും
വാഴ്ത്തുവേൻ വളർത്തുവേൻ നിന്റെ സന്തതിയേയും
വാഴ്‌വു ഭൂമിയിൽ കുലം നിന്റെ സന്തതിയാലെ
വാനതിലുള്ള ഋഷം പോലെയും കടലിന്റെ
വായ്ക്കരെയുള്ള മണൽപോലെയും പെരുകിടും
ഇത്ഥമരുളി ബാവാ താനും മറഞ്ഞാനല്ലൊ
ഇമ്പമായുള്ള പൂജ സാക്ഷിച്ചു മേഷത്തിനെ
ഇഷ്ടമായറുത്തു പൂജിച്ചിതവുറാഹം താനും
ഇസഹാക്കിനേയും വാലിഭക്കാർകളേയും കൂട്ടി
അവരുമായ് പുറപ്പെട്ടു പോന്നതൗറാഹം മുന്നിൽ
ആനന്ദമായ് ദേശം വേർശുവായിൽ പുക്ക്

(മൂന്നാം പാദം)

കന്നീശരണമായിട്ടുന്നിയുരചെയ്യുന്നു
വന്നിസറായിലുള്ള മംഗലങ്ങൾ പാടുവാൻ
കാരുണ്യം കൊണ്ടൊരു അവുറാഹാമ്മിൻ പുത്രൻ
ഇസഹാക്കു പുക്കു ദേശം നാമവും വേറുശുവാ
ബേതുവേലിൻ പുത്രി റിബുക്കായെയിസഹാക്കും
കെട്ടിയവളിൽനിന്നു യാക്കോബേസാവുണ്ടായി
അമ്മാവനായൊരു ലാബാന്റെ മക്കളായ
നല്ലൊരു നാരികളെ യാക്കോബക്കാലങ്ങളിൽ
മുന്നം ലെയായെക്കെട്ടി പിന്നെ റാഹഹേലെക്കെട്ടി
അടിയാട്ടിരുളായുള്ള രണ്ടു നാരികളേയും
വർണ്ണം വധുക്കളോടും മംഗല്യകാലങ്ങളിൽ
വന്നീസറായേൽമക്കൾ പന്തീരണ്ടുമുണ്ടായി
മൂത്തവൻ രൂപൻ മുതൽ പത്തുമക്കളുടയ
സിദ്ധാന്തം കൊണ്ടു ചെയ്ത വിസ്തരിപ്പു പാടുവാൻ
ഈരഞ്ചിൽ പിന്നെയുള്ള ചാരുതനെവുസേപ്പ്
പാരാതെ രക്ഷ ചെയ്തു വാഴുടയോനെ★
ഇമ്പം വരുത്തിയെന്റെ കമ്പം കളഞ്ഞരുൾക
മുൻപിനാൽ യാക്കോമകൾ പന്തീരണ്ടുമായത്.

(നാലാം പാദം)

അക്കാലം ബാവാ തന്റെ മക്കൾ പത്തു പേരുമായ്
ആടുമാടുകൾ മേയും കാലം പല ദിവസം
ബാവാ തന്നരികത്തു പാർക്കുന്നു രണ്ടു മക്കൾ
ബാലനാമെവുസേപ്പും തമ്പി ബെനിയാമ്മെയും
പൈശൂന്യമായി പത്തുമക്കൾക്കെവുസേപ്പിനോട്
പാരാതെയെന്തുമൂലോ ബാവായീ ഭേദം കണ്ടു
സ്വപ്നത്തിൽ കണ്ട കാഴ്ച കർണ്ണത്തിലായാമൂലം
സാരമവനിലില്ല സിദ്ധാന്തമെന്നേ വേണ്ടു
പത്തു മക്കളും കൂടെ ചിത്തേ നിനച്ചുറച്ചു
പാരാതെ കൊല്ലണമെവുസേപ്പിനെയെന്നു കണ്ടു
ആടുകൾ മേയുമൊരു നാളിൽ വരായ്ക കണ്ടു
ആർത്തിയാൽ ബാവായെവുസേപ്പോടു ചൊന്നാനല്ലൊ
ജ്യേഷ്ഠന്മാർ വന്നതില്ലയെന്തന്നന്വേഷിക്കേണം
കേട്ടുടനെവുസേപ്പു ചെല്ലുന്ന നേരത്തുങ്കൽ
വാട്ടം കൂടാതെ വരും തമ്പിയേ കണ്ടതല്ലൊ
കൂട്ടം കൂടവെ പത്തു കഷ്ടവിചാരമായി

★ 1910-ലെ ടെക്സ്റ്റിൽ 'വാഴുടയനായോനെ' എന്നാണ്

ഇഷ്ടം കൊടുത്തു കൊന്നാൽ ചട്ടം നമുക്കു പിന്നെ
ദുഷ്ടതയോടു പിടിപ്പെട്ടൊരു വേരത്തുങ്കൽ
മക്കൾ പന്തീരണ്ടിലും മൂത്തവൻ ചൊന്നാനല്ലോ
വക്കാണം ചെയ്ക വേണ്ട ദു:ഖിച്ചു ചാവതിന്ന്
പൊട്ടക്കിണറ്റിലിട്ടു പോകയെന്നതേ വേണ്ടു
ഇട്ടുടനെവുസേപ്പിനെ പൊട്ടക്കിണറ്റിലവർ
കച്ചവടക്കാരായ മെദിയാൻകാരെ കണ്ടു
കാരണം കൂടാതുള്ള പൈതലോടുള്ള ചോദ്യം
തെറ്റെന്നു പോകുന്നോരു കച്ചവടക്കാർ കണ്ടു
വിറ്റു കളകയെന്നു നാലാം മകൻ യൂദായും
വിംശതി കാശു വാങ്ങി നല്കിയവർക്കവനെ
ബാവായെ ബോധിപ്പിപ്പാനാടുമറത്തതിന്റെ
ചോരയിലെവുസേപ്പിന്റെ കുപ്പായവും നനച്ചു
കുപ്പായം കൊണ്ടുചെന്നു ബാവായെ കാട്ടിയപ്പോൾ
ക്രൂരമാം ദുഷ്ടമൃഗം ഭക്ഷിച്ചെവുസേപ്പിനേയും
ഇത്ഥമുറച്ചു ബാവാ അത്തലകം പൂക്കപ്പോൾ
ഈഴൽ പെരുത്തു ദു:ഖിച്ചേറിയ കാലങ്ങളിൽ

(അഞ്ചാം പാദം)

അക്കാലമെവുസേപ്പിനെ കച്ചവടക്കരന്ന്
ആനന്ദമായ മെസറേനിൽ രാജന്റെ മന്ത്രി
പൊത്തിപ്പേറെന്നവനു വിറ്റുവിലയും വാങ്ങി
ഭക്തിയാൽ യൗസേപ്പിനെ എത്രയും സന്തോഷമായ്
പൊത്തിപ്പേറിന്റെ വീടും വസ്തുക്കളൊക്കെയുമേ
ഒത്തപോൽ പരിപാലിച്ചിടുവോനെവുസേപ്പായി
ഒക്കെയും പരിപാലിച്ചീടുന്ന കാലങ്ങളിൽ
ഓമന കണ്ടൊരെവുസേപ്പിൽ പൊത്തിപ്പേറിന്റെ
ഭാര്യയ്ക്കാകാംക്ഷയുണ്ടായന്നല്ലോ പറയേണ്ടു
നാളുകളൊക്കെയിലുമിഷ്ടമവനോടവൾ
നാണം കളഞ്ഞപേക്ഷിച്ചീടും ദിവസങ്ങളിൽ
ഒന്നു സമ്മതിക്കാതെ നീതിമാനെവുസേപ്പു
ഉന്നതനായ ദൈവം തന്നുടെ ഭക്തനായി
വന്നിസറായേൽ സുതൻ തന്നോടടുത്തു ചെന്നു
വന്ന വരവു കണ്ടു പേടിച്ചോടിയാനപ്പോൾ
വന്നിതു മന്ത്രിയപ്പോളുണ്ടായവസ്ഥകളെ
വല്ലാതെയറിയിച്ചു ഭർത്താവോടവളപ്പോൾ
പട്ടാങ്ങറിയാതെ യൗസേപ്പിനെ പിടിച്ച്
ഒട്ടും വൈകാതെ വിലങ്ങിട്ടെന്നേ പറയേണ്ടു
ഈവണ്ണം വിലങ്ങതിലെവുസേപ്പു കഴിയുമ്പോൾ

ഈശന്റെ മനോഗുണമെത്രയുമുണ്ടവനിൽ
ഏറിയ ജനങ്ങളുമുണ്ടു വിലങ്ങുകളിൽ
ഏതുമേകുറ്റം കൂടാതെവുസേപ്പുമാക്കൂട്ടത്തിൽ
കയ്യേൽ വിലങ്ങുകാരെ സൂക്ഷിക്കയെന്നുടനെ
കാഴ്ചയിലെവുസേപ്പു തന്റെ ഗുണങ്ങൾ കണ്ട്
ഏല്പിച്ചു യൗസേപ്പിനെ താക്കോൽ പാറാവുകാരൻ
ഇങ്ങനെയൗസേപ്പു മംഗലമോടുകൂടെ
ചങ്ങലയതിൽ പൂക്കു കാലവും കഴിയുന്നു.

(ആറാം പാദം)

അക്കാലം മെസറേനിൽ മന്നന്റെ ശയനത്തിൽ
കണ്ടോരു കാഴ്ചയുടെ അർത്ഥം തിരിപ്പതിന്
ആളയച്ചെവുസേപ്പു തന്നെവരുത്തിയപ്പോൾ
സ്വപ്നം പൊരുൾ തിരിച്ച കാരണം യൗസേപ്പിനെ
സ്വൈരത്താൽ യജമാനനാക്കി മെസറേനിന്റെ
സ്വപ്നം പൊരുൾ തിരിച്ചപോലെയക്കാലങ്ങളിൽ
ഏഴു വരിഷത്തിലൊ കോതമ്പു കൊണ്ടടച്ചു
ഏതും വിളഞ്ഞുമില്ല ഏഴു വരിഷം പിന്നെ
പഞ്ഞമെരുകി ഭൂലോകങ്ങളിലൊരുപോലെ
പാരാതെ ഓർത്തു തന്റെ ബാവായും ജ്യേഷ്ഠന്മാരും
കോതമ്പു മെസറേനിലുണ്ടെന്നറികകൊണ്ടു
കൊണ്ടുവരുവാൻ യാക്കോ തന്നുടെ പുത്രന്മാരെ
ഇണ്ടലോടയച്ചവർ വന്നു മെസറേൻ നാട്ടിൽ
കണ്ടുടനെവുസേപ്പു കാരണം ചോദിച്ചപ്പോൾ
കള്ളരെന്നുള്ള ഭാവം തോന്നിച്ചിതെവുസേപ്പും
കാലും വിറച്ചു ചൊല്ലിയുണ്ടായ പരമാർത്ഥം.

കാവൽപ്പുരയിലാക്കികാലേൽ വിലങ്ങുമിട്ടു
മൂന്നാം ദിവസം ചെന്നു കണ്ടിതു ജ്യേഷ്ഠന്മാരെ
മുന്നം പറഞ്ഞപോലെ ആകട്ടെന്നരുൾ ചെയ്തു.
നല്ലോരു നിങ്ങളെങ്കിൽ ചൊല്ലുന്നതിനെ കേൾപ്പിൻ
നന്മേയതിനാലുള്ളൂ ദോഷം വരികയില്ല
പത്തുപേരുണ്ടല്ലിപ്പോൾ വന്നതു നിങ്ങളതിൽ
പാർപ്പിക്ക ഒരുത്തനെ എന്റെ അരികെ നിങ്ങൾ
വേണ്ടുന്ന കോതമ്പിനെ വാങ്ങിച്ചു കൊണ്ടുപോക
വേഗം ബാവായെ ചെന്നു ബോധിപ്പിച്ചതിനുശേഷം
കൂടപ്പിറപ്പായുള്ള പുത്രനെ കൂട്ടിക്കൊണ്ട്
വന്നിങ്ങു പാർക്കുന്നൊരു കൂടപ്പിറപ്പിനെയും
വൈകാതെ കൂട്ടിക്കൊണ്ടു പോകുവിൻ ബാവാ പക്കൽ
എന്നിവയെവുസേപ്പു ചൊന്നതുപോലെതന്നെ
നന്നായി വിചാരിച്ചു ശീമോനെ പാർപ്പിച്ചവർ.

(ഏഴാം പാദം)

ഒട്ടും വൈകാതെയവർ കെട്ടിൽ കോതമ്പുമാക്കി
വേണ്ടും ബഹുമാനവും ചെയ്തുടനെവുസേപ്പിനെ
വേഗം പുറപ്പെട്ടവർ ചെന്നു ബാവാടെ പക്കൽ
ഉണ്ടായൊരവസ്ഥക്കളൊക്കെയും കേൾപ്പിച്ചപ്പോൾ
ഒട്ടേറെ ദു:ഖിച്ചുടൻ ബാവായാം യാക്കോതാനും
ഓമനയുള്ളോരെവുസേപ്പിനെയെന്നപോലെ
ഒന്മയായുള്ള പുത്രൻ ശീമോനുമില്ലാതായി
ഇന്നിയൊരുനാളിലും ബെനിയാമ്മിനെയയപ്പാൻ
ഇന്നു പറകവേണ്ട എന്നതു ബാവാ താനും
ഇങ്ങനയിരിക്കുമ്പോൾ കോതമ്പുമെത്തിയല്ലോ
തിങ്ങിന താപത്താലെ ബാവായും മക്കളോട്
പോകുവിനെന്റെ മക്കൾ തമ്പിയെ കൂട്ടിക്കൊണ്ടു
താപം കളവാനുള്ള കാഴ്ചയുമെടുത്തിട്ടു
തമ്പുരാനെന്നുമുണ്ടു സാക്ഷിക്കു നമുക്കെന്ന്
യാത്രയയച്ചപോലെ ചെന്നവർ മെസറേനിൽ
മാത്രയും പാരാതെവുസേപ്പിന്റെ മുന്നിൽചെന്നു
കാഴ്ചയും കൊടുത്തവർ തമ്പി തന്നെയും കാട്ടി.

(എട്ടാം പാദം)

കണ്ടുടനെവുസേപ്പു തമ്പിയെയറിഞ്ഞിട്ട്
കാവൽപ്പുരയിലിട്ട ശീമോനേയും വരുത്തി
സമ്മാനിച്ചവർകളെയേറ്റം ബഹുമാനിച്ചു
താമസംകൂടാതെ കോതമ്പു പതിനൊന്നിന്റെ
കെട്ടുകളൊക്കെയിലുമിട്ടു കെട്ടിച്ചാനല്ലൊ
കേവലമറിയാതെ ബനിയാമിൻ കെട്ടിലപ്പോൾ
യൗസേപ്പു പെരുമാറും കാസായുമിട്ടുകെട്ടി
മേശയും കഴിഞ്ഞവരോടുകൂടെവുസേപ്പും
സ്വത്വവും ചെയ്തു യാത്രവിട്ടവർ നടന്നപ്പോൾ
പിന്നാലെയാളയച്ചു ചെന്നവരെ തടുത്തു
ഇന്നിതു ചെയ്‌വാനെന്തു കാസായും കട്ടുംകൊണ്ട്
പേരു തിരഞ്ഞിടേണം കാസാ നിങ്ങളുടെ കെട്ടിൽ
വേദന ഞങ്ങൾക്കില്ല കാസയുമെടുത്തില്ല.
കാസാ ഞങ്ങടെ കെട്ടിൽ കാണുന്നതെങ്കിലിന്ന്
കാലം വൈകാതവനെ കൊല്ലുവാനെന്തു കുറ്റം
കേട്ടുടനാളുകളും കെട്ടു തിരഞ്ഞ നേരം
കേവലം ബനിയാമ്മുതന്നുടെ കെട്ടിൽ കണ്ടു
കൂട്ടമേ കരയുന്നു വന്നിസറായേൽ മക്കൾ

അട്ടഹാസം കരച്ചിൽ വാചകമെന്തു ചെല്ലാം
ഇഷ്ടൻ യൗസേപ്പിനോടു ചെയ്തോരവസ്ഥകളാൽ
ഈശന്റെ തിരുമനസ്സാലുള്ള ചോദ്യമിത്
ഇങ്ങനെ കേണീടുന്ന ജ്യേഷ്ഠന്മാരെ കണ്ടപ്പോൾ
തിങ്ങിന താപംപൂണ്ടു മംഗലനവുസേപ്പും
തിണ്ണന്നറിയിച്ചുടൻ തമ്പിയെന്നുള്ളതിനെ
എണ്ണം കണക്കുമില്ലാതുള്ളൊരു സന്തോഷത്താൽ
എന്നെയിവിടെ നിങ്ങൾ വിറ്റതു നന്നായല്ലോ
ഉന്നതനായ ദൈവം തന്നുടെ കാരുണ്യത്താൽ
വന്നിതുകൂടി നമ്മൾ പന്തിരുപേരുമിന്ന്
വാഴുവാലുള്ള മക്കൾ തമ്മിൽ തഴുകിയെന്ന്
മംഗലനായ ബാവ തന്നെ വരുത്തുവാനായ്
മന്നവർക്കുള്ള തേരും മറ്റു വെഞ്ചനാദികൾ
ഒക്കെയുമൊരുമിച്ചു യാത്രയും പുറപ്പെട്ടു.
ഓമനയുമൊരുമിച്ചു യാത്രയും പുറപ്പെട്ടു.
ഓമനയായ മക്കൾ ചെന്നു ബാവാടെ പക്കൽ
ഒന്മയാൽ തനിക്കുറ്റ ശേഷം ജനങ്ങളേയും
നന്മയിൽ കൊണ്ടുവന്നു തേരിൽ കരേറ്റിക്കൊണ്ടു
നായന്റെ തുണയാലെ വന്നിതു മെസറേനിൽ
നാട്ടിൽ തിറവിയുള്ള ഗോഷാനിൽവാസം ചെയ്തു.

# മൂശയുടെ വട്ടക്കളി

ആദിപെരിയോനെ ആലാഹാ നായനെ
ആകെയുടയോനെയൻപോലെ രക്ഷിക്ക
മാനുഷ്യർക്കൊക്കെ തലവനാമാദത്തെ
മായവൻ സൃഷ്ടിച്ചു പറുദീസായിലാക്കി
ആറായവാരിയേലൊന്നെടുത്താലാഹ
ഹവ്വാമനയാളെ സൃഷ്ടിച്ചുവച്ചിട്ട്
കൂടിപ്പെരുകിനിറവിനെന്നരുളി
കൂടെക്കാണാതെമറഞ്ഞങ്ങിരിക്കുമ്പോൾ
മായവൻ കല്പിച്ചു വിലക്കിയ കായ്കനി
മാനിക്കാതവ്വായും ആദവും തിന്നിത്
ആദമവ്വാ പിഴപെട്ടു ദു:ഖിക്കയാൽ
ആലാഹാ വീണ്ടവിടത്തിലെഴുന്നള്ളി
കൽപിച്ചു ശിക്ഷയാലവരോടു തമ്പുരാൻ
കാരണമായി മൂന്നു ശിക്ഷ ചുരുക്കത്തിൽ
എന്നുടെ പുത്രനാൽ ദോഷമൊഴിച്ചിട്ട്
എന്നരികെ നിന്നെ ഞാൻ വരുത്തിടുവേൻ
എന്നാദം തന്നോടു കൽപിച്ചു തമ്പുരാൻ

എന്നരുൾ ചെയ്ത് മറഞ്ഞീതാലാഹായും
പിന്നെ ദിവ്യന്മാരുണ്ടായതിൽ വമ്പൻ
മാനവനായി വാണ മൂശനിവിയാടെ
ശക്തികളെന്തു പറയുന്നു ഞാനിപ്പോൾ
ശക്തിയതേറും പറവോന്റെ നാടതിൽ
നിന്നീസറായേലെ കൊണ്ടുപോരുവാനായ്
വന്നൊരാമൂശയുമഹറോനുമൊന്നായി
കൊണ്ടുനടന്നവർ കൊണ്ടുപോകുന്നേരം
കണ്ടുപിടിപ്പാൻ പറവോനും കൂട്ടരും
ചെന്നു പിന്നാലെയടുക്കുന്ന നേരത്ത്
വന്നു പിടിയ്ക്കുമീ ദുഷ്ടരെന്നോർത്തിട്ട്
ചെന്നു കടലിലിറങ്ങി കരയേറി
വന്നിങ്ങിറങ്ങി പറവോനും കൂട്ടരും
അക്കടൽതന്നിൽ നടുവെത്തും നേരത്ത്
തമ്പുരാൻ തന്നുടെയേകലരുളാലെ
കൊന്നിതു ഗംഗ മുടിച്ചു പറവോനെ
സങ്കടംതീർന്നിസറായേൽ പരിഷകൾ
സന്തോഷമോടെ വസിച്ചിരിക്കും കാലം
പോയിതുമൂശപ്രമാണത്തിനന്നല്ലോ
പൊക്കമതേറും മലമുകൾ തന്നുടെ
അഗ്രേ നിന്നാലാഹാ തന്നോടപേക്ഷിച്ചു
ആനന്ദത്തോടെ പ്രമാണവും കൈക്കൊണ്ട്
വന്നു മഹായോഗം തന്നിലൊരുമ്പെട്ടു.

# ചെറിയ തോബിയാസിന്റെ പാട്ട്

പച്ച മരതകം വെച്ചുപതിച്ചുള്ള
മാലയും മാർവ്വിലണിഞ്ഞു വരുന്നോരു
മെച്ചമേറുമരയന്നമേ വന്നിരി
ഇച്ഛയാലുള്ളൊരു പെൺകഥാശേഷവും
കൊച്ചുകിടാങ്ങൾ കൊഞ്ചച്ചു ചൊല്ലുന്ന വാ-
ക്കിച്ഛയേറുമറിവുള്ളവർ കേൾക്കുമ്പോൾ
എന്നപോലെ കരുതീടണമെന്നെയും
എന്നാൽ പറയാം കഥയതിൻ ശേഷവും
റാഹുവേൽ തന്നുടെ പുത്രിയെ തൂബീദി-
അമ്പോടെ നൽകി മണിയറ പൂകിച്ചു
നന്ദനെന്നു മനസ്സിലുറച്ചവൻ
ചത്തിടുമിന്നവൻ മുന്നേപ്പോൽ രാത്രിയിൽ
കണ്ടു പലരുമെന്നെക്കൊണ്ടു ഭാഷിക്കും
ആഗ്രഹമേറെയുള്ളോനിവനെന്നെല്ലാം

ആക്ഷേപമായിപ്പലരും പറയുമേ
കേട്ടുപൊറുപ്പതു സങ്കടമെന്നോർത്ത്
രാത്രിയിൽ തന്നിടയരോടു ചൊല്ലിനാൻ
നമ്മുടെ പൈതലേ കെട്ടി മരിച്ചോരാം
വാലിഭക്കാരെയടക്കിയ ഭാഗത്ത്
നന്നായൊരുകുഴി തീർത്തുവച്ചീടുക
എന്നു നിയോഗിച്ചു രാത്രി കഴിച്ചവൻ
ഏറ്റവും പുലർകാലെ തന്നുടെ ഭാര്യയെ
ചെമ്മേ വിളിച്ചു പറഞ്ഞിതു വേഗേന
നിന്നുടെ ദാസിയൊരുത്തിയെ പെട്ടെന്നു
മണിയറ തന്നിലയച്ചു വിശേഷങ്ങൾ
ചെമ്മേയറിഞ്ഞു വരുവാൻ നിയോഗിക്ക
എന്നതുകേട്ട് ദാസിയെയയച്ചിട്ട്
അമ്പോടുറങ്ങുന്നുവാറു ഗ്രഹിച്ചവർ
പെട്ടെന്നു തന്നുടെ ഭർത്താവിനോടുടൻ
വാർത്തകളൊക്കെയറിയിച്ചു മോദേന
ദാസരെ കൂപ്പി വിളിച്ചറിയിക്കയാൽ
ചെന്നു കുഴിയും നിരത്തി വിരവോടെ
റാഹുവേൽ സന്തോഷത്തോടെയകം പുക്ക്
നന്ദ്യാ പണമാല ഒന്നങ്ങെടുത്തുടൻ
ആത്മജവല്ലഭൻ പിന്നെ ധരിപ്പിച്ചു
വേഗം തഴുകി പിടിച്ചു ചുംബിച്ചപ്പോൾ
ഇരുൾ നീങ്ങി സൂര്യനുദിച്ചിടുന്നപോലെ
വന്നോരു സന്തോഷമെന്തു പറവതോ
ഏഴുപേർ കെട്ടി മരിച്ചൊരു ദു:ഖങ്ങൾ
ഒക്കെയറമാഞ്ഞു പൗരജനത്തിന്
എട്ടുദിക്കിലുമയച്ചിതു സാധനം
ഏറിയ സമ്പന്നരേയും വരുത്തുവാൻ
ഭാഗ്യവാനായൊരു റാഹുവേൽ മോദമായ്
റപ്പായേൽ തന്നോടൊരുമിച്ചിരുന്നിട്ടു
ഇത്ഥമവരോടു സത്യത്തെ ചൊന്നുടൻ
കേട്ടുകൊള്ളേണം കരുണാനിധികളെ
നന്നായ് പതിനഞ്ചു നാളേയ്ക്കവസരം
വേണമിനിക്കിനി കല്യാണമാദരാൽ
എന്നതുകേട്ടു പറഞ്ഞു തൂബീദപ്പോൾ
ഒട്ടുമവസരമില്ലെയിനിക്കെങ്ങും
പൂക്കു ലഭിച്ചു വരുന്നതിൻ മുന്നമേ
ദു:ഖിച്ചു വാഴുന്ന ബാവായുമ്മായും
ഇല്ലൊരുങ്ങില്ലതിനെങ്ങിനെ വേണ്ടു നാം
ദു:ഖിച്ചു തൂബീദു ചൊല്ലിയ വാക്കു കേ-
ട്ടല്ലലോടന്നുര ചെയ്തു മാലാഖായും

അന്നു നീ ചൊല്ലിയതെങ്ങിനെയെന്നതും
ചോലോടെഴുതുക സാധനം വേറൊന്ന്
നിന്നുടെ നാഥൻ പ്രമാണിച്ച ഓലയും
കൊണ്ടുചെന്നങ്ങു വിരവിൽ വരുത്തുവാൻ
പീയൂഷവാണികൾ കേട്ടനേരം തത്ര
ചെങ്ങാതിയേയുമയച്ചങ്ങു വീട്ടീന്ന്
പുത്രമിത്ര ഭാര്യാ ദാസി വർഗ്ഗങ്ങളും
പ്രത്യുപകാരമായ് സംഖ്യയില്ലാമുതൽ
പെട്ടകം തന്നിലെടുപ്പിച്ചനവധി
ദിവ്യത്വമേറുന്ന സമ്മാനജാലങ്ങൾ
കൊണ്ടക്കൊടുത്തു ഗിവിലായുമാദരാൽ
അമ്പോടു തൂബീദിനുണ്ടായ സന്തോഷം
കണ്ടവരൊക്കെ പ്രസാദിച്ചതന്നേരം
കല്യാണമായ് മനമേവർക്കുമൊന്നുപോൽ
പിന്നെയുണ്ടായ വിശേഷങ്ങൾ ചൊല്ലുവേൻ
റാഹൂവേൽ തന്നുടെ മാനം വരുത്തിയ
നിങ്ങളോടെങ്ങിനെ ചൊല്ലേണ്ടു സിദ്ധാന്തം
നപ്താലി തൻ കുലജാതരായുള്ളവർ
എല്ലാരും കൂടി കഴിക്കണം കല്യാണം
അല്ലായ്കിലൊ പല സങ്കടമൊണ്ടിനി
എന്നതു ഞാൻ പറയണമെന്നില്ലല്ലോ
അന്നേരമക്കാര്യം റപ്പായേൽ ചൊല്ലിനാൻ
റാഹുവേൽ ഖേദം കളഞ്ഞു കല്യാണവും
ഇമ്പം വരുമാറു ചെയ്ക നീ സത്വരം
താതനാം തൂബീദ് പുത്രനെ കാണാഞ്ഞു
ഖേദമായ് വാഴുന്നു എന്നേ പറയേണ്ടു
അല്ലാതെ മറ്റൊരു സങ്കടം വന്നീടാ
കല്യാണമാശു കഴിഞ്ഞാലുടനങ്ങു
പോവാൻ വിരോധം നിനക്കുമുണ്ടാകല്ലേ
അങ്ങനെയെന്നു തെളിഞ്ഞുപറഞ്ഞവർ
കല്യാണഘോഷമിനി ഞാൻ പറയട്ടെ.
പന്തലങ്ങിട്ടു നെടുനീളെ സത്വരം
കാന്തി കലരുന്ന ശീലത്തരങ്ങളാൽ
ചന്തമോടങ്ങു വിതാനിച്ചു മേൽഭാഗം
കട്ടിൽ കസേരകൾ ഇട്ടൊരു ഭാഗത്ത്
മെച്ചമേറുന്ന പുല്പാകൾ മറുഭാഗെ
വെറ്റിലത്തട്ടങ്ങൾ ചന്ദനപ്പാത്രങ്ങൾ
മറ്റുമോരോതര ചിത്രപ്പണികളും
മുത്തുമണിയും പളുങ്കും ജയിക്കുന്ന
നല്ലയരിയൊരു പാണ്ട്യശാല നിറെ
കൂപക്കിടാരങ്ങൾ കോട്ടസ്ഥലങ്ങളും

ചീനഭരണി നിറച്ചതിൽ വീഞ്ഞതും
ചെമ്മേ നറുനൈ നിറച്ചു പലപാത്രം
കാദാളമോദാള കുക്കുടവൃന്ദവും
ശർക്കര തേങ്ങാകളെത്രമേൽ ചെല്ലിടാ
കോരിക കൊട്ടകളെത്ര നൂറായിരം
താലത്തിൽപാതിയും ശുദ്ധ വെള്ളികളാൽ
എണ്ണ വെളിച്ചെണ്ണ ചുണ്ണാമ്പുകുറ്റിയും
നല്ല കിടാരവും ചെമ്പുകൾ വാർപ്പുകൾ
ആട്ടുന്ന കല്ലരകല്ലും തിരികല്ലും
അറ്റമില്ലാതെയുരലുമുലക്കയും
ചന്തമേറുന്ന കറിക്കാൽ കുരണ്ടിയും
പൊന്നുകൊണ്ടും പിന്നെ വെള്ളിയാലും സദാ
ആനകളെക്കൊണ്ടു തൂക്കിച്ചു വെക്കുന്ന
വെള്ളിവിളക്കുകളെത്ര നൂറായിരം
മേശപ്പലകയും ചാരഴിക്കട്ടിലും
ചേരും കിടക്ക തലയിണ കോസടി
ആലവട്ടം പിന്നെ ഭംഗിയാം വിശറിയും
വെള്ളം നിറച്ചുള്ള വെള്ളിക്കിടാരങ്ങൾ
കണ്ടാൽ മനോഹരമെന്നേ പറയാവൂ.

ആളു വിതാനത്തിന്മേൽ വെച്ചു തട്ടിട്ട്
നിന്നു പനിനീർ തളിപ്പതിനായ്ക്കൊണ്ട്
കല്പാന്തകാലത്തിലിന്ദ്രാദി കൈക്കൊണ്ട്
ഘോഷിച്ചു ഘോഷം തുടങ്ങിതവ്വണ്ണമെ
പത്തുമൊരഞ്ചു ദിനമിടകൂടാതെ
സൈ്വരമേയുള്ള മോദാദികളൊക്കെയും
വെവ്വേറെയെന്തിനു ഞാൻ പറയുന്നിനി
റാഹുവേൽ കൂട്ടിയ സംഭാരജാലങ്ങൾ
ഒന്നും കുറയാതെ ചൊൽവാൻ പണി തുലോം
കാതം വഴിവെട്ടമൊക്കവേ ജാലകൾ
തീർത്തുടൻ പട്ടാൽ വിതാനിച്ചു ചില്പമായ്
പൗരജനാദികൾക്കൊക്കെയിരിപ്പാനായ്
ഒക്കെ നിയോഗിച്ചു നാലു ദിക്കിങ്കലും
ഓരോരോ ദിക്കിൽ നിന്നോരോരോ ബന്ധുക്കൾ
ആനന്ദമുൾക്കൊണ്ടു വന്നു തുടങ്ങിനാൻ
പല്ലക്കിലേറിയും തണ്ടിലെടുപ്പിച്ചും
പൊന്നണിഞ്ഞാനക്കഴുത്തിലും പിന്നെയും
വെള്ളക്കുതിരമേലും കഴുതയിലും
ഒട്ടകത്തിന്മേലും കാളക്കഴുത്തിലും
പൊണ്ണനാം ശൂരനാം പോത്തിൻ മുതുകിലും
ഇങ്ങനെയെട്ടു വിധമായി വാഹനം

ഏറി മഹാദാന സമ്പന്നരൊന്നിച്ചു
കോലാഹലം വരവെന്തു പറവതോ
പെരുമ്പറ കൊട്ടിക്കൊണ്ടൊക്കെ മുഴക്കിനാൻ
നല്ല തകിലും മുരശും താളങ്ങളും
തപ്പോടു മദ്ദളം തമ്പേറും കുമ്മിട്ടം
കൊമ്പു കുഴലോടു താളവും ചിന്നവും
ദിക്കുമുഴക്കും പടഹധ്വനികളും
ഇത്തരം വാദ്യങ്ങളെത്ര നൂറായിരം
മറ്റും പറകിൽ പകൽപോകുമേ തുലോം
ദിവ്യജനങ്ങൾ ചെവിയുമടച്ചിട്ട്
മേൽക്കുമേലൊക്കെ കുടയും പിടിപ്പിച്ച്
പിന്നെയും വന്നുചേരുന്നു കോലാഹലാൽ
റാഹുവേൽ തന്നുടെ കല്യാണശാലയിൽ
വന്നുവന്നൊക്കെയൊരുമ്പെട്ടു കൂടിനാർ
ഉള്ളം കുളിർക്കെ ബഹുമാനമോടവർ
ആദരവോടിതാ ഘോഷിച്ചു കല്യാണം
അല്പമായിന്നു ചുരുക്കിപ്പറഞ്ഞു ഞാൻ
ശങ്കവിഹീനമതിലുള്ള ഘോഷങ്ങൾ.

# യൌനാൻ നിവ്യായുടെ പാട്ട്

ആലാഹാനായനരുളപ്പാടാൽ
അൻപുറ്റ യൗനാൻ നിവ്യായോട്
മൂലമാം നിനുവയാം രാജ്യത്തെ ഞാൻ
മുടിച്ചിടും വേഗാൽ പിഴയാളരെ
കാലത്തു നീ അവിടേക്കു ചെന്ന്
കണ്ടവരോടങ്ങു മാർഗ്ഗം ചൊൽവാൻ
ഉണ്ടേനവിടെപ്പലജനങ്ങൾ
ഒരുവനെന്നുള്ളോരറിവില്ലാർക്കും
കണ്ടുപറഞ്ഞറിയിക്ക മാർഗ്ഗം
കടുകപ്പിഴയാളരാകും മുമ്പേ
മണ്ഡലമീരേഴുമുടയനാഥ-
ന്റെയരുൾകേട്ടു യൌനാൻ പുറപ്പെട്ടാറെ
പുറപ്പെട്ടാനേകലാലന്നെവുനാൻ
പോകുവാനൊരുങ്ങിയ രാജ്യത്തീന്ന്
അരുൾകേട്ടു മറുവഴി തിരിച്ചെവുനാൻ
ആലാഹാ ചൊല്ലുമറുത്തവാറെ
തിറത്തോടെ പോവാനായ് കപ്പലേറി
പരിചോടെ കപ്പൽ നടുക്കടലിൽ
ഉറച്ചപോൽ കപ്പലുമങ്ങുമിങ്ങും

ഓടാതെ കപ്പൽ നടുക്കടലിൽ
ഒരുനാളുമിവിടത്തിലുറപ്പതില്ലെ
ഉണ്ടൊരു കാരണമെന്നു ചൊല്ലി
എന്നതു ലോകർ പറഞ്ഞശേഷം
ആവതില്ലാത്തവർ ചിട്ടിയിട്ടു
ഇട്ടോരു ചിട്ടിയങ്ങെവുനാൻമേലെ
ഇടരോടെ ദു:ഖിച്ചിരുന്നാരന്ന്
ഉരചെയ്താനെവുനാനവസ്ഥയെല്ലാം
ഒരുവനെ സ്തുതിച്ചവർ കടലിലാക്കി
തള്ളിയിട്ടാറെ നടുക്കടലിൽ
താശിയാൽ വൻമീൻ വിഴുങ്ങിക്കൊണ്ട്
കൊണ്ടുനടന്നവൻ മൂന്നു നാളെ
കൊള്ളാവയറ്റിൽ പെരിയോനെന്ന്
തള്ളും കടൽത്തിരയൊക്കെക്കൊണ്ട്
സഹിക്കരുതാഞ്ഞവൻ കരയ്ക്കു കക്കി
കരയ്ക്കുചെന്നടുത്തുടൻ വിയർത്തു വിമ്മി
താപം സഹിയാഞ്ഞുഴന്നുമെയ്യേ
അവിടെച്ചുരപ്പന്തൽ തണൽ കൊടുത്തു
അവൻ തന്റെ മതിപ്പാലെ തണൽ കുറഞ്ഞു
അവിടേന്നു തിരിച്ചുടൻ നിനുവ രാജ്യത്ത്
മുൻകണ്ട ചുരപ്പന്തൽ തണൽകൊടുത്തു
ചെന്നതിൽ വെയിൽപ്പെരുകീട്ടു തണലിലായി
അറിയിച്ചേൻ അരുളപ്പാടവരോടന്നു
അരുളപ്പാടവർ കേട്ട നേരത്തുങ്കൽ
അതിനാലെ തുടങ്ങിയതു മൂന്നു നോയമ്പും

# മാർ യോഹന്നാൻ മാംദാനയുടെ പാട്ട്

ആലാഹാനായന്റെ തൃക്കൈയാലെ
ആദത്തെ സൃഷ്ടിച്ചു ഭൂമിതന്നിൽ
ആരുമൊരു തുണയില്ലാഞ്ഞിട്ട്
ആലാഹാനായൻ തിരുവുള്ളത്താൽ
വേണമിവന്റെ ശരീരംകൊണ്ട്
ഭേദമില്ലാതൊരു നാരിരൂപം
വേറെയൊരുത്തനെ നിർമ്മിച്ചെന്നാൽ
കൂറു രണ്ടായ്‌വരും നാളിൽ നാളിൽ
വേറില്ലാതുള്ള ശരീരം രണ്ടും
ഒന്നായ് മാനുഷരുള്ള നാളും

വേവും വിശപ്പുമൊരുത്തർക്കെങ്കിൽ
മറ്റോരറിഞ്ഞതു തീർത്തു കൊൾവാൻ
ഒരു ദേഹം രണ്ടായി പകുത്തുവച്ചാൽ
ഒന്നുപോൽ രക്ഷിച്ചിരിക്കുമെന്ന്
ആദി പെരിയോൻ തിരുവുള്ളത്താൽ
ആദത്തെ ഒന്നു മയക്കിയാറെ
ആറായ വാരിയേലൊന്നെടുത്ത്
ഹവ്വായെ നിർമ്മിച്ചുവച്ചു പിന്നെ
ആദാമുണർന്നിങ്ങിരുന്ന ശേഷം
ഭാര്യയെന്നല്ലൊയരുളിച്ചെയ്തു.
നിങ്ങളിൽ വേറുകൂടാതെ കണ്ട്
വാഴണം ഭൂമിയിലുള്ള നാളും
ഒന്നിനും മുട്ടുവരാത്തവണ്ണം
ഒരുവനരുളി ഗുണദോഷങ്ങൾ

(രണ്ടാം പാദം)

ആദമതുകേട്ടു നായനോടൊരോന്നു ആവലാതിയറിയിച്ചു
അടിയനു നാശമിവളാൽ ഭവിക്കുമതിനുള്ള രൂപമിതെന്ന്
അഴുതറിയിച്ചതു കേട്ടുടയവൻ അരുളിയതു തീർപ്പാനെന്ന്
അരുളതു കേട്ടവൻ വാണു പറുദീസാ തന്നിലുടയോനെയോർത്തു
അരുളു മറുത്തു പിഴച്ചിട്ടാശുമോദയന്നവിടെച്ചെന്നകാലം
ദുഷ്ടൻ പറഞ്ഞതു കേട്ടുടനവ്വായും ആദത്തിനേയും ചതിച്ചു
അന്നുതുടങ്ങി മാനുഷർ നരകത്തിനടിമകളുമായി ഭവിച്ചു.
അങ്ങു നരകത്തിലുള്ളവർ ചെയ്യുന്ന പാടുകളേറ്റം പൊറുത്ത്
അമ്പേരിലമ്പൻ തുണയ്ക്കണമെന്നുള്ള താപങ്ങൾ വർദ്ധിച്ചുവന്നു
ആകെയുടയോനെ നീയേശരണം മറ്റൊരൊള്ളു നീയൊഴിഞ്ഞെന്നാൽ
കുറ്റങ്ങളേറ്റമടിയങ്ങൾ ചെയ്കിലും തീർപ്പാനടിയങ്ങൾക്കാര്
കാരണനായന്റെ കാലിണ കുമ്പിട്ടു രായുംപകൽ പിരിയാതെ
കാലം പെരുകിയ കാലം ജനങ്ങളുടെ താപം സഹിക്കരുതാഞ്ഞു
മാറാൻ പിറക്കണം മാനുഷൻ ചെയ്തോരു മാലുകൾ തീർത്തു രക്ഷിപ്പാൻ
മാറാനിണതുണയായൊരു പൈതൽ മാർ യോഹന്നാൻ കൂടെയും വേണം
യോഹന്നാൻ കയ്യാലെ മാമ്മോദീസാമുക്കി ലോകർക്കു മോക്ഷം കൊടുപ്പാൻ
എന്നാലിനിയെൻ വലിപ്പവും ഭൂമിയിൽ ചെന്നു തികയ്ക്കണമെന്നു
എന്നരുളിച്ചെയ്തു പിന്നെയതിന്നായി മാലാഖ തന്നെ വിളിച്ചു

ഭൂമിയിൽ നീ ചെന്നിസറായേൽ വർഗ്ഗത്തിൽ സ്കറിയായോടു സ്വത്വം ചൊൽക
എന്നതു കല്പിച്ചു പിന്നെയതിനായി മാലാഖാ ഭൂമിയിൽ ചെന്ന്
പള്ളിക്കു ചിറ്റാഴ്മ ചെയ്‌വാനായി പള്ളിയിൽ നിൽക്കും സ്കറിയായെ കണ്ട്
നിന്നുടെ ഭാര്യയാം ഏലീശ്വാവുമ്മായിൽ നിന്നൊരു പൈതൽ പിറക്കും
എന്നാലവൻ തന്റെ നാമവും യോഹന്നാനെന്നു വിളിക്കണം നീയ്
ഭാര്യയ്ക്കു നൂറു വയസ്സായിരിക്കുന്നല്ലോയെന്നു പറഞ്ഞു സ്കറിയാ
കല്പിച്ച വാക്കു പറഞ്ഞതു നേരെന്നു തോന്നായ്കകൊണ്ടു നിനക്ക്
ഉണ്ണിയുണ്ടായിട്ടു പേരു തികവോളം പറയാതിരിക്കണം നീയ്
എന്നരുൾചെയ്തു മറഞ്ഞു മാലാഖായും ചെന്നങ്ങു ബാവായിൽ ചേർന്നു
അന്നുതുടങ്ങി പറവാൻ വശമില്ലാഞ്ഞുന്നീയുടയോനെയോർത്തു.

(മൂന്നാം പാദം)

നാട്ടിൽ വയസ്സേറുമേലീശ്വാവുമ്മായ്ക്കു ഗർഭമുണ്ടായെന്നു തോന്നി
നാണിച്ചു ശങ്കിച്ചിട്ടാരുമറിയാതെ അഞ്ചാറു മാസം തികഞ്ഞു
അന്നുമകളായ മർത്തോമറിയത്തുമ്മാ വന്നു തന്നുടെ വീട്ടിൽ
ഓമനയേറും മകളെക്കണ്ടമ്മയും ഓടിയടുത്തു ചെന്നപ്പോൾ
തന്റെയിളയമ്മ തന്റെ വയറ്റിലെ യോഹന്നാൻ വീണുകുമ്പിട്ടു
യോഹന്നാൻ കുമ്പിടുന്നേരം മിശിഹായും വാഴുകൊടുത്തരുളാലെ
വിസ്മയം കണ്ടു ഭയപ്പെട്ടുമ്മാമാരും ഏകയുടയോനെയോർത്തു
അമ്മയോടൊന്നിച്ചവിടെത്തന്നെ പാർത്തു മാസം തികഞ്ഞിട്ടു പെറ്റു
ഉണ്ണിയെ കണ്ടങ്ങെടുത്തു പ്രിയത്തോടെ കന്നിയും തൻകയ്യിൽവേഗം
എട്ടാം ദിവസത്തിൽ കൂട്ടത്തിലുള്ളവരെല്ലാവരും വന്നുകൂടി
കാരണമായ വറുഗീസുമിട്ടുടൻ പേരുവിളിപ്പാൻ സ്കറിയാ
അന്നവർ തമ്മിൽ പറഞ്ഞതു കേട്ടിട്ടു ഏലീശ്വാ ഉമ്മാ പറഞ്ഞു
ഉണ്ണിക്കു പേരു വിളിപ്പാനവൻ തന്റെ ബാവായോടുരയ്ക്കുകെന്ന്
അന്നവർ ചോദിച്ചനേരം കടലാസിന്മേലെഴുതി പേരുമപ്പോൾ
യോഹന്നാനെന്നുള്ള നാമം തികഞ്ഞപ്പോൾ ബാവായും വേഗം പറഞ്ഞു
അന്നവിടെ വന്നുകണ്ടവർക്കെല്ലാർക്കും ആശ്ചര്യമായെന്നു തോന്നി
നന്മനിറഞ്ഞ മാർ യോഹന്നാൻ തന്നെ മാലാഖാമാരങ്ങടുത്തു
ആരുമില്ലാതുള്ള വനമതു തന്നിലിരുത്തി വളർത്തി ക്രമത്താൽ

മാനുഷരോടിടയാതെ വളർന്നവൻ കാലമിരുപതുമേഴും
മാമ്മോദീസാ തന്റെ കയ്യാലെ മുക്കുവാൻ മായവൻ തന്റെ വിധിയാൽ
മാലാഖമാരോടുകൂടെ യോർദാനെന്നയാറ്റിൻ തീരത്തുങ്കൽ ചെന്നു
മാറാനീശോമിശിഹായുമെഴുന്നള്ളി മറ്റു ജനങ്ങളും കൂടെ
ആകെയൊരു പോലെ യോഗമൊരുമ്പെട്ട് ആറ്റുംകരെ ചെന്നുകൂടി
മാമ്മോദീസാമുക്കി മാർ യോഹന്നാൻ കയ്യാൽ മാറാനീശോയും മുഴുകി
അറ്റമില്ലാതുള്ള ലോകർക്കു മാംമൂസാ അന്നു കൊടുത്തരുളാലെ
ആകാശവാതിൽ തുറന്നിങ്ങു റൂഹായിറങ്ങി വെളിവായി ഭൂവിൽ.

(നാലാം പാദം)

ആദം കനി തിന്നു നരകത്തിൽ പതിഞ്ഞമൂലം
അന്നു തുടങ്ങി മനുഷർക്കുള്ള പിഴകൾ പോക്കാൻ
പാരിൽ പദവി ചേരുന്ന മാറാൻ പിറന്നു ഭൂവിൽ
മാറാൻ തനിക്കു തോഴനായുള്ള മറിയോഹന്നാൻ
താനും പിറന്നുടൻ വനം തന്നിൽ വളർന്നുവന്നു
കാലം തികഞ്ഞപ്പോൾ മാമ്മൂദീസാ തികച്ചെല്ലാർക്കും
പാരിൽ പിറന്നതിൽ പെരിയവൻ മറിയോഹന്നാൻ
താനെന്നൊരുപോലെ പറഞ്ഞിതു ഭൂവനമെല്ലാം
തന്റെ ശരീരം താനടക്കി നോമ്പുകളും നോറ്റ്
സൈ്വരങ്ങളിലൊന്നു മറിയാതെയിരുന്നുംകൊണ്ട്
എന്ന വഴിയോർത്തു നടക്കുന്ന നമുക്കെല്ലാർക്കും
എന്നാൽ പെരിയോന്റെ തിരുമുമ്പിലടുക്കെ നിൽക്കാം
തന്റെ വ്രതകർമ്മം നിയമങ്ങൾ മുടക്കിക്കൊണ്ട്
തങ്ങൾക്കടുത്തുള്ള ദിവസവും മറന്നുംകൊണ്ട്
ദേഹം നിനയ്ക്കുന്ന വഴിയോർത്തു നടന്നുകൊണ്ടാൽ
ദേഹിക്കൊരുനാളും ഗുണമില്ല മരിപ്പാൻനേരം
ദുഷ്ടജനമൊക്കെ അടുത്തെത്തി നിരന്നു നിൽക്കും
കാണുമ്പോഴെ പ്രാണൻ ഞടുങ്ങുന്നൊരെതിറും പല്ലും
വായും പൊളിച്ചുടൻ പിടിച്ചങ്ങു വിഴുങ്ങിക്കൊൾവാൻ
ഭാവിച്ചുടൻ നിൽക്കുമസുരന്മാർ നിലകണ്ടിട്ട്
ചാവാൻ കിടക്കുന്നോരെഴുന്നേല്പാൻ തുടങ്ങും പിന്നെ
ഭാവം പലവക പകർച്ചയിൽ പലതും കാട്ടും
പ്രാണനെടുക്കുമ്പോൾ പിണക്കത്തിൽ പിടിച്ചും കൊണ്ട്
തങ്ങൾ വസിക്കും തീനരകത്തിൻ കരയിൽ വെച്ച്
തല്ലും തറയ്ക്കും തീ പഴുപ്പിച്ചങ്ങുടലിൽ വയ്ക്കും

എന്നുമൊടുങ്ങാത്ത നരകത്തിൽ പിടിച്ചങ്ങുന്തും
എന്നിങ്ങനെയുള്ള വഴിയൊക്കെ നിരൂപിച്ചിട്ട്
നല്ലോരറിവാളർ പറയുന്ന പ്രമാണമോർത്ത്
എന്നും മറക്കാതെ നാളുതോറും കരുതിക്കൊണ്ടാൽ
എന്നാലസുരന്മാരടുക്കാതെയകലെ നിൽക്കും
നല്ല വഴിപോയ് മോക്ഷവും നേടി ഇരുന്നുകൊള്ളാം.

(അഞ്ചാം പാദം)

മന്നിൽ മാനുഷർക്കു മാർഗ്ഗം നീളേയറിയിപ്പാൻ
മാറാനെ മാമ്മൂസാമുക്കി മാർ യോഹന്നാൻ കയ്യാലെ
നിഗളം കൊണ്ടു വൻനരകം നേടുന്ന മാനുഷർക്ക്
എളിമയാലെ മോക്ഷമെന്നു കൽപ്പിച്ചു മാർ യോഹന്നാൻ
എളിമയെന്നു വഴിക്കടുത്തുള്ള വിധിപ്രമാണം
ചാവുദോഷം കൂദാശയെന്നുള്ള വിധിപ്രമാണം
ലോകരോടു കൽപിച്ചു തപമുനി മാർ യോഹന്നാൻ
ഭൂമിയിൽ മാനുഷനായി കൽപ്പിച്ചതിൽ പുണ്യവാൻ
മന്നിലിതുപോലില്ലയോ ശുദ്ധമായൊരു ദേഹം
എന്നദേഹം തന്നെയൊരു സ്ത്രീയാലെ കൊല്ലിച്ചു
എന്ന വാർത്ത ഒന്നുകൂടെ ചൊല്ലണമടിയാർക്ക്
എന്നും ചൊല്ലി തന്റെ നാമം പാടി സ്തുതി ചെയ്‌വാൻ.

(ആറാം പാദം)

അരുളുടയോൻ ബാവാ തന്റെ അരുളാലെ മാർ യോഹന്നാൻ
　　അന്നു നടത്തി മാർഗ്ഗം നീളെ
എങ്കുംകര തങ്കും ഭൂമീൽ ഇസ്രായേൽ ജാതികളവരും
　　ഏറ്റം ജനവും മാമ്മൂസാമുങ്ങി
ഏറോദ്യയെന്നൊരു സ്ത്രീയെ കെട്ടിയവൻ പീലിപ്പോസ്
　　അവനെ വേർപിരിഞ്ഞവളും പോയി
ആ നാട്ടിൽ വാഴും വേന്തൻ അവനുടെ പേരെറോദേസ്
　　അവനോടവളൊരു ജഢമായ് വാണു
അതുകേട്ടു മാർ യോഹന്നാൻ അന്യായം രാജാവോട്
　　അറിയിച്ചതു നീ ചെയ്യരുതെന്ന്
ആ മൊഴികേട്ടേറോദ്യായും സങ്കടമായവളും പാർത്തു
　　കൊല്ലിക്കുന്നുണ്ടിവനെ ഞാനെന്ന്
രാജാവോടവളു പറഞ്ഞു ഞാനിവിടെ പാർക്കുന്നില്ല
　　ഇന്നേ പോകുന്നെന്നവൾ ചൊല്ലി
പതറി മനമരശനുമപ്പോൾ പരമാർത്ഥം ചൊല്ലുക നീയ്
　　എന്തെങ്കിലുമതു ചെയ്‌വാൻ ഞാന്

ഞാനിവിടെ പാർക്കുന്നതിനു പറയുന്നു മാർ യോഹന്നാൻ
അവനെ നീ കൊല്ലിക്കണമെന്ന്
അന്നവനാളുകളെയയച്ചു ഒട്ടും വൈകാതെ വരുത്തി
തന്നെപ്പിടിച്ചു വിലങ്ങിലിരുത്തി
ഏറോദ്യാ മാളിക തന്നിൽ ചൂതും പൊരുതൊന്നിച്ചിട്ടു
വാണിതു ഭീതിയൊഴിഞ്ഞവൾ താനും.

(ഏഴാം പാദം)

മാർ യോഹന്നാൻ തന്നെ വിലങ്ങിൽ വെപ്പിച്ചതിൻ ശേഷം
ഏറോദ്യാ മകളേയും ആട്ടം പഠിപ്പിച്ചാളന്ന്
ആട്ടവും കുഴൽവിളി പാട്ടും പഠിച്ചുവന്നാറെ
രാജാവിന്റെ മുന്നിലരങ്ങിനായ് ചെന്നു നിന്നവൾ
ആട്ടവും കുഴൽവിളി കണ്ടു തെളിഞ്ഞു രാജാവ്
എന്തു നീ ചോദിച്ചാലും ഞാൻ തരുന്നുണ്ടു പെണ്ണിനു
എന്നു ചൊല്ലി സത്യവും ചെയ്തങ്ങു രാജവീരനും
അമ്മയോടവൾ ചോദിച്ചു രാജവീരൻ ചൊന്നത്
അമ്മയുമതുകേട്ടു തെളിഞ്ഞു ചൊല്ലി പെണ്ണോട്
പൊന്നിനും പണത്തിനും ആശയുമില്ല നമ്മൾക്ക്
ചേരായ്ക പറയുന്ന മാർ യോഹന്നാനെ കൊന്നിട്ട്
ഒട്ടും വൈകാതെ തല കണ്ടിച്ചു തന്നയക്കണം
എന്നു പെണ്ണു ചൊന്നതു കേട്ടുടൻ രാജൻ കൽപ്പിച്ചു
മാർ യോഹന്നാൻ മാംദാന തന്റെ തലയെ കണ്ടിച്ച്
വേഗമൊരു പാത്രമതിന്നകം തന്നിൽ വെപ്പിച്ച്
സത്യം ചെയ്തിരുന്ന പോൽ പെണ്ണിനു നൽകി രാജാവ്
അമ്മ തന്റെയന്തികെകൊണ്ടവൾ ചെന്ന നേരത്ത്
നാശമൊഴിഞ്ഞെന്നവൾ നന്നായ് തെളിഞ്ഞു വാണവൾ
ശുദ്ധമാന യോഹന്നാൻ തന്റെ കഴുത്തറുത്തപ്പോൾ
സത്യം ചൊല്ലി നിൽക്കുന്ന ഭൂമിക്കു ഭാരമേറീട്ട്
ഭൂമിയിൽ മുളയ്ക്കുന്നതൊന്നുമേ നന്നല്ലെന്നായി
ആകാശത്തിൻ മേഖങ്ങൾ ഓടാതെ കണ്ടു നിൽക്കുന്നു
അന്നു ഭൂമിതന്നിലനക്കവുമില്ലാ കാറ്റാലെ
പക്ഷികൾ മൃഗങ്ങളും ഒക്കവെ തീനും തിന്നാതെ
പട്ടാങ്ങയഴിഞ്ഞുപോയെന്നവർ കേണിരിക്കുന്നു
ദുഷ്ടത ചില പെണ്ണുങ്ങൾക്കുള്ള പോലാർക്കുമില്ലല്ലോ
നേരു ചൊല്ലി നിൽക്കുന്നവരൊക്കെ മുറവിളിക്കുന്നു
അന്നുടയോൻ കോപമോടേറ്റം ജ്വലിച്ചീടുന്നിത്
മാനുഷരെ വേണ്ട മുടിക്കണം ഭൂമീലെന്നപ്പോൾ
മാലാഖമാർ ചെന്നുടൻ ആവലാതിയറിയിച്ചു
ദുഷ്ടജനം തന്നെയുമല്ലല്ലോ ഭൂമിതന്നിലും

നല്ലവരുമുണ്ടല്ലോ നിന്നെ നിനച്ചിരിക്കുന്നു
കഠിനമതു ചെയ്തു നീ നാശം വരുത്തരുതെന്ന്
ആവലാതി കേട്ടപ്പോൾ ആലാഹാനായൻ കല്പിച്ചു
ദുഷ്ടതകൾ ചെയ്യുന്ന നഷ്ടമായുള്ളവർകളെ
കഷ്ടതകൾ ചെയ്യുന്ന സുരന്മാർ കയ്യിലേൽപ്പിച്ച്
തങ്ങൾ ചെയ്ത ദുഷ്ടതയ്ക്കൊത്തപോൽ നിങ്ങൾ ശിക്ഷിപ്പിൻ
എന്നു വിധി നായകൻ ദുഷ്ടന്മാർ തന്നിൽ കല്പിച്ചു.

(എട്ടാം പാദം)

മാർ യോഹന്നാൻ തന്നെ കുല ചെയ്യിച്ചൊരു
രാജാവിന്റെ നാണിഭവും നാടും വേറായി-മെയ്യെ
മാളികമേലിരുന്നൊരു മങ്കമാരും
നാട്ടിൽ നീളെ നടന്നങ്ങു തെണ്ടിവന്നാറെ-മയ്യെ
നല്ലപോലെ നടപ്പാനുമെളുതല്ലാ-
ഞ്ഞുള്ളൂ വ്യാധിപിടിച്ചുടനിരിപ്പിലായി-മെയ്യെ
അമ്മയിരിപ്പായി മകൾ നീളെ നടപ്പായി
പലരോടുമിരന്നങ്ങു കഴിയും കാലം - മെയ്യെ
വെള്ളം കുടിയാഞ്ഞു ദാഹമേറി നടന്നവൾ
വെള്ളം കണ്ടു ചെന്നിറങ്ങി പുഴക്കടവിൽ - മെയ്യെ
വെള്ളം കോരിക്കുടിപ്പാനായ് തൊട്ടനേരം
വെള്ളവുമുറച്ചു കരിങ്കല്ലുപോലായി - മെയ്യെ
ഉറച്ച പാറമേൽ നടന്നങ്ങു ചെല്ലുന്നേരം
വെള്ളവും രണ്ടായ് പൊട്ടി താണു വെള്ളത്തിൽ - മെയ്യെ
താണ പെണ്ണിന്റെ കഴുത്തിനു ഞെരുക്കിട്ട്
പിടിച്ചു മുറുക്കി വെള്ളമിരുമ്പുപോലായ് - മെയ്യെ
ഏറ്റം ബലംകൊണ്ടു കഴുത്തു പറിഞ്ഞു തല
മുറിഞ്ഞു വേറായി ദൂരെ തെറിച്ചുവീണു - മെയ്യെ
നാട്ടിലുള്ളവർ പറണ്ടു കണ്ട ജനമൊക്കെ
കണ്ടുപെരിയോനെ നോക്കി കുമ്പിട്ടിരുന്നു - മെയ്യെ.

(ഒൻപതാം പാദം)

താമരഭംഗി കലർന്നൊരു മകളും കൂടിയിരുന്നതു പലകാലം
താമസമില്ലാതെവളൊരു പുഴയിൽ ചത്തുതരിപ്പം കണ്ടാലും
നാശം വന്നു നാണിഭവും പോയ് വ്യാധി പിടിച്ചവൾ വീണവിടെ
ഉടലൊരു തടിപോലൊഴുകിയൊലിച്ചൊരു നാറ്റം പെരുകുന്നാദിക്കിൽ
ഒരു കാലത്തിനു മുമ്പവൾ വാണതു പറകലരിപ്പം പലതുണ്ട്

ഉന്നതമായൊരു മാളിക മണിയറ തന്നിലിരുന്നതു പലകാലം
മല്ലികമുല്ല നിറം കലരുന്നൊരു പുഷ്പം കെട്ടിയ മാലകളും
ചെമ്പകകുറുമൊഴി പിച്ചകമല്ലികതരുക്കൾവരുത്തിനിരത്തിച്ച്
ചേലൊടു കുങ്കുമചന്ദനമകിലം ചെമ്മേ കൂട്ടിയടുപ്പിച്ച്
ചെമ്മെ പരിമളമിയലിനകളഭം കസ്തൂരികളിതു പലതരവും
ചേർച്ചയിലങ്ങതരച്ചുകുടങ്ങളിൽ നിരനിരയങ്ങനെ വയ്പിച്ചു
ചേലൊടുവാരി പൂശിയിരുന്നൊരു തെന്നൽക്കാറ്റുംമാളികയിൽ
അളവില്ലാതെ വസിച്ചവിടത്തിലിരുന്നതു രാജൻ തന്നോടും
അങ്ങിനെ വാണവിടേന്നു പിരിഞ്ഞൊരുവഴിയിൽ പൂക്കവൾ വീണാറെ
ദീനതപുണ്ടു വ്രണങ്ങൾ പെരുകി ചീഞ്ഞു മറിഞ്ഞവൾ ദുരിതത്താൽ
മരണവുമില്ല മനുവർഗ്ഗത്തിനു കണ്ടുനടന്നാൽ മനമിളകും
പരിമളമേറിയിരുന്നോരുടലും പുഴുത്തുമറിഞ്ഞു കിടക്കുന്നു
അസുരകൾവന്നവരവളെക്കണ്ട് ഭയപ്പെട്ടകലെ കൂടുന്നു
അളവില്ലാതവർ വന്നുനിറഞ്ഞിനി വൈകാതിവളെയും കൊണ്ട്
അങ്ങിനെയവരുടെ നരകത്തുങ്കൽ കൊണ്ടെയിരുത്തി ചോദ്യങ്ങൾ
ഓരോ കൂട്ടം ചോദിച്ചാലളവില്ലാതുണ്ടിതു പലതരവും
അസുരകളുയിരുമെടുപ്പിച്ചിട്ട് നരകം തന്നിലിരുത്തുന്നു
അവരവരോരോ മൊഴികൾ പറഞ്ഞു പലപല ശിക്ഷയൊരുക്കുന്നു.

(പത്താം പാദം)

പരീശൊത്തോരേറോദ്യായോ പാപത്തിൽ പെരിയവൾതന്നെ
ഭാരമാം ശിക്ഷചെയ്തുതുടങ്ങി
ഭർത്താവിനെയും മറുന്നു തന്റെയിശ്ചലോൽ നടന്നു
മറ്റും പലരോടു ചിലയേറ്റം ചെയ്തതുമൂലം
ഒരുവനെ നിനച്ചിരുന്ന മാംദാനായെ കൊല്ലിച്ചവളെ
എന്നന്നേയ്ക്കും തീ നരകത്തിൽ സ്ഥാപിച്ചു
അവൾ ചെയ്തോരു ദുഷ്ക്കർമ്മങ്ങൾ ഓരോന്നായ് ചോദിച്ചവളോട്
ചെയ്യുന്ന ശിക്ഷകൾക്കറുതിയില്ല
മതിപോലുള്ളിൽ നിനച്ചിരുന്നൊരു പാപികളെ തീപോലങ്ങ്
പഴുപ്പിച്ചതിനെ തഴുകിച്ചിട്ട്
ഏറോദ്യായെ കെട്ടിനിറുത്തി കാണായ്‌വാൻ കണ്ണുംകെട്ടി
കാണുന്നവരെല്ലാവരും
ഓരോ നിന്ദ പറഞ്ഞു ദുഷിച്ചവളെ.

(ലയം മാറ്റം)

പെരുത്ത ചെമ്പുകളതിന്നുതീയിട്ടു പഴുത്തുരുമ്പോളതിൽ
കിടത്തിയും
പാപിയാളെ അസുരന്മാർ
പണ്ടു നീയേകാന്തപ്പെട്ടു നടന്നപ്പോളുണ്ടോയുടയോനെയോർത്ത്
എങ്കിലീശിക്ഷയിലൊന്നുമെ നിന്നോടു ചെയ്കയുമില്ലാഞ്ഞു ഞങ്ങൾ
ആയതിനാലിനി കാലാകാലത്തോളം തീയാഴിതന്നിൽ കിടക്ക
ദൈവകല്പനകൾ ലംഘിക്കും മാനുഷർക്കിപ്രകാരമെന്നറിക.

## കന്നി ഉമ്മായുടെ പാട്ട്

ആലാഹാനായനേകന്നുടയ തമ്പുരാനെ
ആലം പടച്ചരുളിയ മാറാൻ
മാറാന്റെ കല്പനയ്ക്കു കന്നിയിരിപ്പിടത്ത്
മാലാഖാ പൂക്കു വചനിച്ചു.
ദൈവകന്നി കന്നി - വഴിപറകിൽ ദൂത - വാക്കു കേട്ടിട്ടിളയോ
രുമ്മാ തന്നെക്കണ്ടങ്ങപ്പൊഴുതെ മർത്തോമറിയത്തോടന്ന്
ചോദ്യമുത്തരമൊന്നു-ഒന്നിനോടങ്ങൊന്നു തഴുകിട്ടായാണ്ടിലര
യാണ്ടിക്കായിച്ചതല്ലൊ ഉമ്മാ
കന്നിയെന്നൊടുചൊല്ല്-മാർഗ്ഗമാണകന്നി-മാറണഞ്ഞ
ഉണ്ണി-കാണുമെൻ കണ്ണാടിപോലെ ഉണ്മയായ് പ്രസവി
ച്ചപ്പോളുണ്മമീനുദിച്ചതല്ലൊ അടയാളം.
എന്നിലും പെരിയതല്ലൊ നിൻവയറ്റിലെന്റെ തമ്പുരാനെ
പേർഷ്യാമുതൽ പൂർവ്വദിശിരാജാക്കന്മാർ ഗൂശേന്മാരും വൻ
പടയോടുകൂടെ
അലകുലുങ്കവെ മലകുലുങ്കവെ വാദീയങ്ങളുഴറുമാറതിൽ ഓ
റോശലത്തോറോദേശേ കണ്ടു പറഞ്ഞവയെല്ലാം.
ചിത്തിരക്കൂടം തന്നിൽ വാഴുവാണ വാഴുവൊക്കെ ഏല്പാനായി
ബേതലയ്കു ചെന്നുനിന്നു പൊന്നും മുരുൾ കുന്തിരിക്കം
കാഴ്ചവെച്ചു നല്ല തമ്പുരാന്,
പാതിരായിൽ പകലതായി മലുക്കുകൾ വന്നു സ്തുതികൾ ചൊല്ലി
മണ്ടിവന്നിടയർ കണ്ടു കുമ്പിട്ടൊരു നല്ല തമ്പുരാന്.

# ശു. മറിയം മഗ്ദലേത്താ ഉമ്മായുടെ പാട്ട്

ആദി പെരുകിയ നായൻ തന്റെയേകലരുളാലെ
ആദിയാണ ബേദലേഹമെന്ന നഗർ തന്നിൽ
മൂലമാന ലാസർ തന്റെ ഉടലുടപ്പിറപ്പ്
പത്തരമാറ്റിനു നിറം ചൊല്ലുമിവൾ മേനി
വാഴ്വതിനു താഴ്വതെല്ലാമെന്നിരുന്ന നാളിൽ
മിശിഹാ തന്റെ ശിഷ്യവർഗ്ഗം പന്തീരണ്ടും കൂടെ
ഒന്മയാണയോറൊശിലം പള്ളിയകം പുക്ക്
ഒന്മയാണ നൽവചനം താനരുളിച്ചെയ്തു
അന്നഗരിലന്നുമിന്നുമായ വീടു തന്നിൽ
കർത്താവീശോമിശിഹാ വിരുന്നിനെഴുന്നള്ളി.
അന്നേരം മറിയം മഗ്ദലേത്താ താനും ചെന്ന്
ചെന്നു തന്റെ കാൽക്കൽ വീണു കുമ്പിട്ടൊരു നേരം
ഒന്മയാണ കണ്ണുനീരുകൊണ്ടു കാൽ കഴുകി
ചേർച്ചയാണ തലമുടികൊണ്ടു കാൽതുകർത്തി
കർത്താവീശോ തൃക്കൈകൊണ്ടു റുശുമായും ചെയ്തു
നിന്റെ പിഴ ഞാൻ പൊറുത്തു മേലിൽ നല്ല വെണ്മ
എന്നന്നേയ്ക്കും കന്നിയായ ഉമ്മായോടും കൂടെ
ഏകമാണ സ്വത്വം നിന്നെ ചിറ്റാഴ്മ തുണപ്പാൻ.

# മിശിഹായുടെ പാട്ട്

ആദിയാലാദം പിഴച്ചതിനാൽ
ആലാഹാ പുത്തിരൻ താൻ പിറന്നു
മൂലമെയാദം പിഴച്ചതിനാൽ
മോക്ഷവാതിലുമടച്ചുനായൻ
വാഴുടെ നായൻ പിറന്നു ഭൂമീൽ
വന്നിസറായേൽ പരീക്ഷയ്ക്കെല്ലാം
മുന്നമേ യൂദർക്ക് രാജാവായി
മുപ്പത്തിമൂന്നു വരുഷം വാണു
യൂദർക്ക് നന്മയ്ക്കായ് വന്ന തന്നിൽ
യൂദർക്കു വൈരം മുഴുത്തു വന്നു
തന്നുടെ ശിഷ്യരിൽ യൂദാതന്നെ
ശത്രുക്കൾക്കൊറ്റിക്കൊടുത്താനന്ന്
പിന്നാലെ കൈരണ്ടും കൂട്ടിക്കെട്ടി
പുറകീന്നടിച്ചവർ കൊണ്ടുപോയി

മേല്പട്ടക്കാരനാം കയ്യേപ്പാടെ
മുന്നേ നിറുത്തീട്ടു ചോദ്യം ചെയ്തു
കള്ളനിവനെന്നു കയ്യേപ്പായും
കവളേലടിപ്പിച്ചു വിട്ടിടുന്നു.
കൊണ്ടു തിരിച്ചാറെ യൂദരപ്പോൾ
പീലാത്തോസിന്നുടെ വീട്ടിലെത്തി
യഹൂദർക്ക് രാജാവാം മിശിഹായെന്ന്
കൂസലില്ലാതിവൻ ചൊന്നിടുന്നു.
തന്നത്താൻ രാജാവായ് കല്പിക്കുന്നോ-
നതിനാലെ മരണത്തിൻ യോഗ്യനല്ലൊ.
ന്യായമിതിന്നു വിധിക്ക നീയ്
അല്ലെങ്കിൽ നാശമുണ്ടാകുമിവനാൽ
നാട്ടുക്കു രാജാവു കേസർ താനും
നഗരിക്കധിപതി പീലാത്തോസും
മന്നനായ് വാഴുന്നുയേറോദേസും
പിന്നെ ഞങ്ങൾക്കൊരു രാജാവില്ല
യൂദർ ബോധിപ്പിച്ചയാവലാതികളെ
പീലാത്തോസ് വിസ്തരിച്ചതിന്റെശേഷം
കൽത്തൂണേൽ കെട്ടിയടിപ്പതിനായ്
മിശിഹായെ യൂദർക്കു വിട്ടിടുന്നു.
ആർക്കും പൊറുക്കരുതാത്ത തല്ല്
അയ്യായിരത്തിൽപ്പരം കൊണ്ടുതാനും
മുൾമുടീം ഞാങ്ങണക്കോലും ധരിപ്പിച്ച്
രാജാവായ് വാഴിച്ചു ദുഷിച്ചിടുന്നു
മിശിഹായെ യൂദർക്കു കാട്ടിക്കൊണ്ട്
പീലാത്തോസിങ്ങനെ പറഞ്ഞീടുന്നു
മിശിഹായെ ഞാനിനി വിട്ടിടുവേൻ
ഇവനിലൊരു കുറ്റവും കാണുന്നില്ല
അവനെ കുരിശിൽ തറയ്ക്കവേണം
മരണത്തിനിന്നിവൻ യോഗ്യനാണ്
തൂക്കുവാൻ ഞങ്ങൾക്കു തന്നില്ലെങ്കിൽ
നീക്കിപ്പേൻ നാട്ടീന്നു നിന്നെ ഞങ്ങൾ
എന്നതു കേട്ടപ്പോൾ പീലാത്തോസ്
പേടിച്ചു മിശിഹായേ തൂക്കുവാനേകി
യൂദപ്പരിഷകളാർത്തുകൂടി
ഓരോരോ ദണ്ഡനം ചെയ്തുതന്നെ
തൂക്കുവാനുള്ള കുരിശതിനെ
കാട്ടികൊടുത്തുടൻ യൂദരപ്പോൾ
മിശിഹാതാൻ തന്റെ ബലിപീഠമായ
കുരിശിന്മേൽ മുത്തിത്തഴുകീടുന്നു

ക്രോധത്താൽ യൂദർ തൻ തോളിലേറ്റി
നടപ്പാനായ്ട്ടാജ്ഞ കൊടുത്തിടുന്നു
ഘോഷമായ് പോകുന്ന യൂദർ മദ്ധ്യേ
തെന്നിവിറച്ചു താൻ നടന്നിടുന്നു.

(ലയം മാറ്റം)

പോകും വഴി നീളെയൊക്കെ വീണു മിശിഹായും
വീഴുന്നേരമൊക്കെ യൂദർതന്നെ തല്ലിപ്പൊക്കുന്നു
വഴിമദ്ധ്യത്തിൽ വേറോനിക്കായെന്ന സ്ത്രീ വന്നിട്ട്
തിരുമുഖം തൂവാലയാൽ തുടച്ചു ദു:ഖത്തോടെ
തൂവാലയിലത്ഭുതമായ് തിരുമുഖം പതിഞ്ഞു.
ഏറ്റം കഷ്ടപ്പെട്ടു താനും ഗാഗുൽത്തായിലെത്തി
തൻകുപ്പായമുരിഞ്ഞെടുത്തു ചിട്ടിയിട്ടു ഭാഗിച്ചു
ചിക്കനെ കുരിശതിന്മേൽ തന്നെയവർ തൂക്കി
കുരിശിനിരുവശത്തു രണ്ടു ചോരന്മാരേം തൂക്കി
കുരിശിൽവെച്ചു പല വാക്യങ്ങൾ താനങ്ങുച്ചരിച്ചു
ദാഹത്തിനായ് ചൊറുക്കായവർ തന്നെ കുടിപ്പിച്ചു
തന്റെയമ്മ തന്നരികെ നിന്നുകരയുന്നു
വ്യാകുലത്താൽ ക്ഷീണിച്ചമ്മ കുരിശിന്നരികെ വീഴുന്നു
ഇഷ്ടശിക്ഷ്യനായ യോഹന്നാനെ മകനായും
അമ്മയായി തന്റെ മാതാവിനെ യോഹന്നാനും
തമ്മിൽതമ്മിലേല്പിച്ചു കൊടുത്തതിന്റെ ശേഷം
തൻ ജീവനെ തൻ പിതാവിൻ തൃക്കയ്യിലേല്പിച്ചു
ഇങ്ങനെ മാനുഷരക്ഷ തികച്ചു മിശിഹായും.

# പെസഹാ പെരുനാളിന്റെ പാട്ട്

ആലാഹാനായനരുളപ്പാടാൽ
ആദിയിലുള്ളോരവസ്ഥ ചൊൽവാൻ
ദു:ഖത്തെ ചൊല്ലി സ്തുതിച്ചിരിപ്പേൻ
തുണയാകവേണം മിശിഹാനാഥൻ
ആദം പിഴപെട്ട മാനുഷർക്ക്
ആകാശവാതിലടയപ്പെട്ടു
അരൂപിയാൽ വന്നു ജനിച്ചഴകാൽ
അൻപിനാൽ മർത്തോമറിയം തന്നിൽ
ബേതലയെന്ന മലമ്പുറത്തു
വെളിവോടെ വന്നു പിറക്കപ്പെട്ടു
മുപ്പത്തിമൂന്നു വയസ്സിൻ മുമ്പെ
മാനുഷരോടൊക്കെ ഭൂമിതന്നിൽ
മാർഗ്ഗവും വേദവും കല്പനയും

കല്പനയും തികഞ്ഞെത്തിയപ്പോൾ
കരുതിയണഞ്ഞു താനുമ്മാപക്കൽ
കല്പിച്ചതെല്ലാമരുളിച്ചെയ്തു
കേട്ടുടനെ കന്നിയുമ്മാ താനും
ആദരവോടെ മകനെയുണ്ണീ
മുലപ്പാലു തന്നു വളർത്തു നിന്നെ
ഞാൻകൂടെ പോരുന്നു മരിപ്പതിന്ന്
കല്പനയെങ്കിലും നിങ്കിലത്രെ
ഒക്കെയുടയവൻ തങ്കലത്രെ
മരിച്ചങ്ങു മൂന്നാം ദിവസം തന്നിൽ
മരണത്തിൽ നിന്നുഞാനുയിർക്കുന്നുണ്ട്
താശിയാൽ തന്നിൽ വിശ്വസിച്ചോർക്ക്
തണലായിരിക്കണം കന്നിയുമ്മാ

(രണ്ടാം പാദം)

ആദിയാൽ തന്റെ പെസഹാ പെരുനാൾക്ക്
വന്നിസറായിലെഴുന്നള്ളത്ത്
ഈരാറു ശിഷ്യരും താനും കൂടെ
മേശയ്ക്കിരുന്നൊരു നേരത്തുങ്കൽ
ഈരാറുപേരിലൊരുത്തനെന്നെ
ഈ രാത്രിലെന്നെ വഴങ്ങുമാറ്
എന്നതു കേട്ടപ്പോൾ സ്കറിയോത്തായും
മേശയിൽ നിന്നങ്ങെഴുനേറ്റാറെ
എന്തിപ്പോളെന്നു പറഞ്ഞു നാഥാ
നിന്നെ വഴങ്ങുന്നതാരു ഞാനോ?
ഞാനോയിതാകുന്നു എന്നു നീയ്
എന്നിപ്പോളെന്നോടു ചൊല്ലിയല്ലോ
മിശിഹാ തൻ കേപ്പാ പക്കലണഞ്ഞു
കാൽ കഴുകുവാനായ് മുട്ടുകുത്തി
സൃഷ്ടിച്ച നാഥാ നീ തമ്പുരാനെ
എന്നുടെ കാൽ കഴുകീടാവതല്ലെ
നിന്നുടെ കാലു കഴുകീടായ്കിൽ
എന്നുടെ കൂറു നിനക്കതില്ല
ആദിപെരിയോനെ തമ്പുരാനെ
കാലുകഴുകിക്കൊണ്ടാലുമെന്ന്
പന്തിരുപേരുടെ കാൽ കഴുകി
തൂവാലകൊണ്ടു തുകർത്തിയാറെ
കീഴിലെയപ്പമടക്കി മേലിൽ
പത്തീറാ അനുസരിച്ചെല്ലാവരും

ഇഛരയിലാറുപേരുടയ
    കാലു കഴുകിയെഴുന്നെറ്റാറെ
വിരുന്നുശാലവിട്ടവടേന്നിറങ്ങി
    കെത്‌റോനെന്നൊരു തോടു കടന്നു
ഗേദസെമ്മാനെന്ന പേർപെട്ട തോപ്പിൽ
    കല്പിച്ചെഴുന്നള്ളി രാത്രിയിങ്കൽ
ശിഷ്യർ പതിനൊന്നും താനും കൂടെ
    സീമയില്ലാതോളം ദു:ഖിച്ചിട്ട്
ശിഷ്യരിൽ നിന്നു താൻ വേർതിരിഞ്ഞു
    താനെതാൻ ബാവായോടുറ്റിരന്നു
മരിയാതെ രക്ഷ തരുവേനെങ്കിൽ
    ശരണമെനിക്കതേ വേണ്ടു ബാവാ
ആകെ നിരൂപിച്ചു ദു:ഖിച്ചപ്പോൾ
    അടിയോളം ചോര വിയർത്തൊഴുകി
ചോരയൊഴുകി നിലം നനഞ്ഞു
    ചൊല്ലാവതല്ലാ തളർച്ചയെല്ലാം
ബാവാതന്നേകയരുളപ്പാടാൽ
    വന്നങ്ങു ഗബ്രിയേൽ മാലാഖയും
ബാവായും പുത്രനും റൂഹായുമായി
    കല്പിച്ചതിനന്തരം വരാമൊ
മാലാഖാ വാക്കതു കേട്ടനേരം
    മനദു:ഖമൊക്കെയും തീർന്നവാറെ
മാനുഷവർഗ്ഗത്തെ വീണ്ടുകൊൾവാൻ
    മാറാനീശോമിശിഹാ മരിപ്പാൻ
കള്ളനാം യൂദസ്കറിയോത്തായും
    കാലമേ ചെന്നു കയ്യേപ്പാ പക്കൽ
തരുവേൻ ഞാനീശോയെ നിന്റെ പക്കൽ
    തരുവിലിനിക്കുപകാരമെന്ത്
പറഞ്ഞൊത്താൻ മുപ്പതു വെള്ളിക്കാശ്
    ഭരമേറ്റാൻ യൂദസ്ക്കറിയോത്തായും
ആർത്തു തിളച്ചുകളിച്ചഴകാൽ
    തിക്കിത്തിരക്കി വരുന്നയോഗം
ആകെയൊരുമ്പെട്ടു യോഗം കൂടി
    കോലും വടികളും കുന്തവുമായ്
മുന്നമേ യൂദായടുത്തു ചെന്ന്
    മുത്തിയാൽ തന്റെ കവിളതിന്മേൽ
യൂദന്മാരാശു മുതൃന്നണഞ്ഞു
    കേപ്പാ താൻ വാളൂരി വെട്ടിയാറെ
യൂദനൊരുവന്റെ ചെവിയരിഞ്ഞു
    താനിതു കണ്ടിട്ടു ശാസനയായി

വാളുറയിലിടു കേപ്പാ നീയും
        വാളെടുത്തീടുവൻ വാളാലെ പോകും
എന്നു പറഞ്ഞു ചെവിയതിന്മേൽ
        തൊട്ടങ്ങു സ്വസ്ഥത വരുത്തിക്കൊണ്ടു
ആരെ നിങ്ങളന്വേഷിക്കുന്നെന്നരുളി
        എന്നരുൾ കേട്ടപ്പോൾ യൂദന്മാരും
ഞെട്ടിവിറച്ചുടൻ തന്റെ മുമ്പിൽ
        ആകെ മറിഞ്ഞങ്ങു വീണവാറെ
അറിവാളരെന്റെ മേലെഴുതിവച്ച
        വാക്കു തികപ്പാനായെഴുന്നേക്കുക
എന്നരുൾ ചെയ്തുടൻ യൂദന്മാരും
        മന്ദത വിട്ടു പിടിച്ചു തന്നെ
ഓരോരോ ദണ്ഡനം ചെയ്തശേഷം
        കുരിശും ചുമപ്പിച്ചു നഗരിനീളെ
അയ്യായിരത്തിൽപ്പരം ചുവട്ടടികൾ
        കരുണ കൂടാതെ നടത്തിക്കൊണ്ട്
ഗാഗുൽത്താ എന്ന മലമ്പുറത്ത്
        കുരിശിന്മേൽ തിരുമെയ് തറച്ചിടുന്നു
മാറാനെ പെറ്റു വളർത്ത കന്നി-
        മാതാവിരിക്കുന്നിടത്തു ചെന്ന്
ദു:ഖങ്ങളുമ്മാമാരറിയിച്ചാറെ
        ഞാൻ കൂടെ പോരുന്നു കുരിശിൻപക്കൽ
മാറാനരുൾപ്പെറ്റ പന്തിരുപേരിൽ
        മനസ്സാലഴകിയ മാർ യോഹന്നാൻ
മാർ യോഹന്നാനെ വിളിച്ചരുളി
        മാതാവിനു മകനായ്ക്കൊടുത്തു
നാഴികയുച്ചകഴിഞ്ഞശേഷം
        തിരുമേനിയൊക്കെ ചോരയൊലിച്ചു
ആത്മാവു താതനിൽ ഭരമേല്പിച്ച്
        ദേഹവും ദേഹിയും വേർപിരിഞ്ഞു
അന്നേരം ഭൂമി കുലുങ്ങി ഞടുങ്ങി
        പുണ്യജനങ്ങൾ പലരുമുയർത്തു
അപ്പോളറിഞ്ഞിതേ യഹൂദന്മാരും
        ആരോടും നേരു പറഞ്ഞിടൊല്ല
ആരോടും നേരു പറയുന്നതാകിൽ
        അപ്പഴേ നമ്മളെ ദുഷ്ടരാക്കും
പാപി ഞാൻ ചെയ്ത ദുരിതത്തിന്
        പകരം ഞാൻ വാങ്ങിയ മുതലിതായെന്ന്
നീ ചെയ്തതെല്ലാം നിനക്കു തന്നെ
        ഞങ്ങൾക്കു വേണ്ടായെന്നുത്തരിച്ചു

പാപിയാം യൂദാ കരഞ്ഞുകൊണ്ട്
വെള്ളിക്കാശു പള്ളിക്കകത്തെറിഞ്ഞു
കർത്താവിൻ മുമ്പു മരിച്ചുകൊണ്ടാൽ
നിശ്ചയം മോക്ഷം തനിക്കാകുമെന്ന്
പാർത്തിരിയാതെ പോയ് കെട്ടിഞാണു
ഒക്കെയും പുക്കു നരകത്തിലായി.

# വിധി ചോദ്യം വട്ടക്കളി

ആലാഹാനായകൻ തന്റെ മാലാഖാമാരുടയ
കോലാഹലമതിഘോഷം
മാലാഖാ തന്റെ കുഴൽനാദം മുഴങ്ങിയൊരു
കാലം ഭൂമി കുലുങ്ങീടുന്നു
കേട്ടുവിറച്ചു നരരൊക്കെയൊളിച്ചു ഗുഹ
തോറുമിരുന്നു ഭയമോടെ
മാലാഖാമാരുടയ കോലാഹലങ്ങളോടെ
യഹോശാപ്പാത്തടുത്തു ചെന്നു
ഭംഗി പറിച്ചു നരരങ്ങു തറച്ച കുരി-
ശൻപോടെടുത്തു തിരുമുൻപിൽ
വൻപൻ വിളിച്ച കുഴലമ്പോടെ കേട്ടനേരം
എല്ലാം തൻ തിരുമുൻപിൽ ചെന്നു
ഇഷ്ടം കണക്കതുള്ള മാലാഖാമാരു കട-
ലാസുമെടുത്തു തിരുമുൻപിൽ
കൂട്ടമവരുടയ നേട്ടമതൊക്കെയൊരു
ഏട്ടിലെഴുതിയശുമോദാ
പട്ടാങ്ങയോടു പൊളി വേട്ടേ പറഞ്ഞതിന്നു
പാപിയിവന്നു ദോഷമില്ലേ?
ചേരാതെയുള്ള പിഴനാളതൊക്കെപ്പിഴച്ച
പാപിയിവന്നു ദോഷമില്ലേ?
ഞായറാഴ്ചയോടു പെരുന്നാളും മറന്നതിനു
പാപിയിവന്നു ദോഷമില്ലേ?
കാർക്കാതെയുള്ള പിഴ തീർക്കാതെയും പിഴച്ച
പാപിയിവന്നു ദോഷമില്ലേ?
കൂട്ടമവരുടയ നേട്ടമതൊക്കെയൊരു
ഏട്ടിലെഴുതിയൊരു കൂട്ടം
ഏറ്റം പെരിയ പൂജ കാണുന്ന നേരത്തുങ്കൽ
ആട്ടം കളിയിലല്ലോ ദൃഷ്ടി
കേട്ടു മതി മതിയൊക്കെപ്പറഞ്ഞു നിന്റെ
ഏട്ടും കണക്കുമൊരു ഭാഗത്ത്

ഒതറ്റം പെരിയതുള്ള കൂട്ടത്തിനൊക്കെയൊരു
വാട്ടം വരാതെ കിട്ടി മോക്ഷം
ആകാശഭുവനങ്ങളൊക്കെയെടക്കി നായൻ
വാഴു കൊടുത്തരുളാലെ
മാലാഖമാരുടയ കോലാഹലങ്ങളോടെ
ആകാശവാതിലുമടച്ചു
ദുഷ്ടരരയ്ക്കു പിടിപെട്ടു തുടലുമിട്ടു
കെട്ടിവലിച്ചസുരനിരകൾ
കൊണ്ടെ നരകമതിലഗ്നിത്തടാകം തന്നിൽ
കുറ്റി തറച്ചവരെക്കെട്ടി
കെട്ടുംപിടി തുടലും ചുട്ടുതടുത്തവന്റെ
ചെപ്പേട്ടടിച്ചശുമോദാ
അഗ്നിത്തുടലുകളെ ചുറ്റിപ്പിടിച്ചു കൊണ്ടു
താഴ്ത്തി തിരമാലകളിൽ
പക്ഷി പറന്നു ചില കൊത്തു കൊടുത്തു തല
പൊട്ടി നിലവിളിയിട്ടു
ഏറ്റം പെരിയ പുഴു ഉറ്റു കടിച്ചു കര-
ളറ്റു നിലവിളിയതിട്ടു
തല്ലും തറകൾകൊണ്ടിട്ടെല്ലും നുറുങ്ങിയതി-
വേദനകളെന്തു ചൊല്ലാം.

# എട്ടുനോമ്പിന്റെ പാട്ട്

ആലാഹാ തന്നരുൾനിറ സുതനായ
ഈശോ തന്റെ മാതാവായ കന്നിമറിയം
കന്നിമറിയം പിറന്നൊരു തിങ്കൾ തന്നിൽ
ഇരുനാളിൽ നിലനിന്ന സന്തമറിയം
സന്തമറിയം മകനുടെ തിരുവയ
സ്സായിരവും ഇരുന്നൂറുമമ്പതിടത്തിൽ
ഇടത്തിൽ പുകഴേറും റോമ്മാ തന്നിൽ വാഴും പാപ്പാ
മുടിഞ്ഞരുളിതു വാഴ്ചയ്ക്കവരിടറി നല്ല
കർദ്ദിനാളന്മാരുരുമ്മിലന്നിടറി
തമ്മിലിടറീട്ടിളമുറപാപ്പായുടെ
ഇരുപതു തിങ്കൾ പള്ളിമക്കളെഴുതു-മെയ്യെ
പള്ളിമക്കളഴുതുമ്മായ്ക്കടിപണിന്ത്
പണിന്താർ കന്നിയുടെ ഇചരയ്ക്കടുത്തടിയാരെ
ഇടർകളഞ്ഞുടയവൻ പാപ്പായരുളി നല്ല

രാജകന്നി പിറന്നൊരുനാളും പുകഴ്ന്ത്
കൊള്ളനാളൊടു ചേർന്ന നേർച്ചയ്ക്കുള്ള നായൻ
മാർപ്പാപ്പാ പെരിയവൻ ജനം കന്തീശെ
ജനം കന്തീശേ കല്പന മക്കളിലൊത്തതിലൊത്തതും ഭക്തി
മുഴുത്തതും ശുദ്ധമൊണ്ടെട്ടുനോമ്പപ്പെരുന്നാൾക്കു മുന്നം
അണികുഴലിളകിയ ബാലരും വൃദ്ധരുമായി
എട്ടുനോമ്പു നോററാത്മം ശുദ്ധമാക്കീടുന്നു
എന്നതുപോലെന്റെയാത്മം ശുദ്ധമായ് തുടച്ച്
മോക്ഷാനന്ദം ചേർക്കയീശോമിശിഹായെ.

(ലയം മാറ്റം)

കന്നിക്കുള്ള പിറപ്പുനാളല്ലൊ കന്നി എട്ടാം നാൾ
ധനുവത്തെട്ടീലന്നായൊ കന്നീയെ ഗർഭം നാളേറി
ഒന്നെന്നെണ്ണീട്ടെട്ടോളം എട്ടുനോമ്പേറ്റു ദു:ഖത്താൽ
ദു:ഖം പോക്കി കന്നിയും പിറന്ന നാളന്നു തൻമുന്നിൽ
ഇന്നടിയാർ നോമ്പാലെ എങ്കും പരന്ത കന്നിയെ
ഇന്നടിയാർദോഷത്തെ തീർത്തുമ്മാ എന്നും കാത്തുകൊൾക.

# ഒന്നായ നായൻ പാട്ട്

ഒന്നായ നായൻ തന്നേകയരുളാലെ
ഒമ്പതുമണ്ഡലം സൃഷ്ടിച്ചുവച്ചാറെ
അഞ്ചുമക്കളൊൻപതും സൃഷ്ടിച്ചതിൻശേഷം
അഹങ്കാരത്താലെ മറന്നവർ വേർപെട്ടു
ഭൂമിയതൊക്കെ പരന്നിതു സാത്താനും
ആലാഹാ തൃക്കൈയാൽ സൃഷ്ടിച്ചന്നാദത്തെ
ആദത്തിനന്നു കൊടുത്ത മയക്കത്താൽ
ആദത്തിൻ തന്നുടെ അസ്ഥി എടുത്തിട്ട്
ഹവ്വായെ ഭാര്യയായ് സൃഷ്ടിച്ചുവച്ചാറെ
അന്നു പിഴപെട്ടോരാദവുമവ്വായും
ആദം പിഴച്ച പിഴയൊഴിപ്പാനായി
ആദം പിറന്നിട്ടു കാലം കണക്കായി
അയ്യായിരത്തിനാന്നൂറ്റിത്തൊണ്ണൂറ്റൊന്ന്
ആഴ്ചയിൽ മുമ്പുള്ള ഞായറാഴ്ച നാളില്
ആലാഹാ പുത്തിരൻ താൻ പിറന്നങ്ങിനെ
അറ്റമില്ലാതുള്ള പ്രത്യക്ഷം ചെയ്താറെ
ചൊല്ലുള്ള യിസ്രായേൽ തന്നോടരുൾചെയ്തു
ഏകയുടയോന്റെ കല്പന കേൾക്കണം
എന്നതുകേട്ടു വെറുത്തു തന്നോടേറ്റം
തൂക്കണമെന്നങ്ങുറച്ചിതു യൂദരും

യൂദസ്ക്കറിയോത്ത ഒറ്റിക്കൊടുത്താറെ
തൂക്കിമിശിഹായെ യൂദർ കുരിശിന്മേൽ.

(ലയം മാറ്റം)

ശിശിഹായെ തൂക്കിയതിനാൽ-ആദത്തിൻ ദുരിതമൊഴിഞ്ഞു
വേദത്തിൻ മൊഴി തികയുന്നു എന്ന പരമാർത്ഥം നമുക്കറിയാം
മിശിഹാ മരിച്ചശേഷം-മൂന്നാം നാളുയിർത്തിട്ട്-പിന്നെ
ശിഷ്യരിൻ പക്കൽ പ്രത്യക്ഷമായ് കാണുന്നു
ഉയിർത്ത നാളുതൊട്ടു-നാല്പതാം ദിവസമതിൽ-ശിക്ഷ്യർക്കു
പ്രത്യക്ഷമായ്-കർത്താവരുളിച്ചെയ്യുന്നു
ഇന്നേയ്ക്കു പത്താം ദിവസം നിങ്ങൾക്കു ധൈര്യമാകാൻ
റൂഹാദക്കുദിശായെ നിങ്ങളിൽ യാത്രയയയ്ക്കുമെന്ന്
എന്നു പറഞ്ഞശേഷം ശിഷ്യന്മാരെല്ലാവരും-തന്റെ
മാതാവും കാൺകെ-ആകാശത്തേക്കെഴുന്നള്ളി
കർത്താവരുളിയ ദിവസം മാതാവും ശിഷ്യന്മാരും-ധ്യാനിച്ചിരി
ക്കുന്നേരം-റൂഹാദക്കുദിശായെഴുന്നള്ളുന്നു
ആ ദിവസം പന്തക്കുസ്താ-എന്ന പെരുനാളാണു-പലജാതി
പല ഭാഷക്കാരും ഓർശ്ളം പുലരിയിൽ കൂടീട്ടുണ്ട്.
റൂഹാവരം പ്രാപിച്ച് ശിഷ്യന്മാരത്ഭുതവുമായ്-ഓരോരോ
ഭാഷകളിൽ കർത്താവിനെയങ്ങറിയിക്കുന്നു
ശിഷ്യരിൽ തലവനായ-കേപ്പാതൻ ധൈര്യത്തോടെ ഇസ്രാ
യേൽ കൂട്ടമതിൽ-ക്രിസ്തുമാർഗ്ഗമറിയിക്കുന്നു
പടാർത്തശക്തിയാലെ കൂടിയ ജനങ്ങളിൽനിന്നു-മൂവായിര
മാളുകളപ്പോൾ-കർത്താവിനെ വിശ്വസിച്ചു
ശിഷ്യന്മാർ പലവഴിപോയി-പീഢകളേറ്റുംകൊണ്ടും-മാർഗ്ഗമ
ങ്ങറിയിച്ചിട്ട്-കൂട്ടത്തെ പെരുക്കീടുന്നു
കൂടിയ കൂട്ടത്തിന്നായ്-മാനമുള്ളന്തിയോഖിൽ-ശെമഓൻകേ
ഫാതാനും-പള്ളിയൊന്നു സ്ഥാപിച്ചിട്ട്
മാർഗ്ഗമറിയിപ്പാനായ്-പുറജാതികൾ പെരുന്ന-കീർത്തിയേ
റുന്ന നാടാം-റോമ്മാ തന്നിൽ പോകുന്നു
അവിടെ പശ ദുരിതമേറ്റു-മിശിഹായെ അറിയിച്ചിട്ട്-
ഏറ്റം ജനങ്ങളെത്താൻ ശുദ്ധ മാമ്മോദീസാ മുക്കി
മാർഗ്ഗത്തിൽ ചെന്നവർക്കു പള്ളിയെ സ്ഥാപിച്ചിട്ടു ശത്രുക്കൾ
കയ്യിനാലെ മാർഗ്ഗസാക്ഷി കൈക്കൊണ്ടു*

---

* "ഇത് ഒന്നായ നായൻ കുരിയത്തു അവുപ്പൻ വകഞ്ഞ പാട്ട്. നല്ലുര എന്നറിക" എന്ന് പകർത്തപ്പെട്ട 185 വർഷത്തെ പഴക്കമുള്ള ഗ്രന്ഥത്തിന്റെ 24-ാം ഇലയിൽ കാണുന്നു.

# തണ്യദിവസം പാട്ട്

വാഴുടനായൻ തൻ കൽപന സാരമായ്
വാഴ്വോടെ മൂശയും കാർത്തിതേ പ്രമാണം
പറവോൻ തന്നടിമയിൽ നിന്നങ്ങൊഴിഞ്ഞിട്ട്
തേനൊഴുകും നാടു ക്നാനവർ വാഴുവാൻ
അബ്ധി കടന്നിതു ലോകരും താനുമായ്
ഘോരമായ് വന്നിതേ ലോകരും പടയുമായ്
തോറ്റിതു, മൂശയോടക്കാലം ലോകരും
തോറ്റു പട മൂശ തിങ്ങളിൽ രണ്ടുനാൾ
മൂലമാം നൽതുലാം മൂന്നുമിരുപതും
കേവലം വൃശ്ചികേ അഞ്ചും പതിനൊന്നും
വൃത്തിയാം ധനുവത്തിൽ മൂന്നിരുപത്തൊന്നും
എപ്പകത്തീ മകരത്തിൽ രണ്ടും പതിന്നാലും
പുതുചന്ദ്ര കുംഭത്തിൽ പതിനൊന്നുമിരുപതും
ജനനമാം മീനത്തിൽ പതിന്നാലുമിരുപതും
ചൊൽവമാം മേടത്തിൽ മൂന്നുമിരുപതും
പ്രളയമാം ഇടവത്തിൽ ഏഴുമിരുപതും
അലയുടെ മിഥുനത്തിൽ മൂന്നും പതിനേഴും
കർക്കടകതിങ്ങളിൽ ഏഴുമിരുപതും
ശ്രേഷ്ഠമാം ചിങ്ങത്തിൽ നാലും പതിനഞ്ചും
വെളി വേറും കന്നിയിൽ മൂന്നുമിരുപതും
തണ്യനാളുകളായ്ട്ടെണ്ണുന്നതേവരും *

---

* മേൽ ചേർത്തിരിക്കുന്ന പാട്ട് ഓരോ മാസങ്ങളിലും കല്യാണങ്ങൾ നടത്തുന്നതിന് അശുഭമായിട്ടുള്ള തീയതികളെ കാണിക്കുന്നതാണ്. പഴയ കാലം മുതൽ കുറെ മുമ്പുവരെ ഈ പാട്ടിൽ കാണും പ്രകാരമുള്ള തീയതികൾ ഒഴിച്ചുള്ള ദിവസങ്ങളിൽ മാത്രമേ കല്യാണങ്ങൾ നടത്തുക പതിവുണ്ടായിരുന്നുള്ളൂ എന്നറിയുന്നു.